# ആത്മാവിന്റെ നിറവിൽ – 6

കേരള ലത്തീൻകത്തോലിക്കാസഭയുടെ വിശ്വാസപരിശീലന പാഠാവലി

# വചനവീഥിയിൽ



# Atmavinte Niravil - 6

## Vachanaveethiyil



Published by
**Kerala Regional Latin Catholic Bishops' Council**
Commission for Catechetics
Carmelgiri, P.B. No. 620, U.C. College P.O., Aluva

First Published
May, 2008
**12th Impression May 2019**

Copy right
**KRLCBC**
Commission for Catechetics

Design & Layout
**Lajan Orakle, Kochi-18**

Printing
**Green Offset, Mukkam**

Distribution
**Secretary**
**KRLCBC, Commission for Catechetics**
Kerala Region Latin Catholic Secretariat (KRLCS)
Carmelgiri, P.B. No. 620, U.C. College P.O., Aluva
Phone : 0484 - 2603705, 09447508112

Imprimatur

Most Rev. Dr. Daniel Acharuparambil, Archbishop of Verapoly
Most Rev. Dr. Soosa Pakiam, Archbishop of Trivandrum
Rt. Rev. Dr. Francis Kallarakal, Bishop of Kottapuram
Rt. Rev. Dr. Vincent Samuel, Bishop of Neyyatinkara
Rt. Rev. Dr. Varghese Chakkalakal, Bishop of Kannur
Rt. Rev. Dr. John Thattumkal, Bishop of Cochin
Rt. Rev. Dr. Stephen Athipozhiyil, Bishop of Alleppy
Rt. Rev. Dr. Stanley Roman, Bishop of Quilon
Rt. Rev. Dr. Joseph Kalathiparambil, Bishop of Calicut
Rt. Rev. Dr. Joseph Kariyil, Bishop of Punalur
Rt. Rev. Dr. Sebastian Thekkathecheril, Bishop of Vijayapuram
Rt. Rev. Dr. Joseph Karikassery, Auxiliary Bishop of Verapoly

**Latin Archbishop's House**
P. B. No. 2581, Kochi-682 031
Kerala, India
E-mail: mail@verapoly.in

# ആശംസ



"ആത്മാവിന്റെ നിറവിൽ" എന്ന ശീർഷകത്തോടെ കേരള ലത്തീൻകത്തോലിക്കാസഭയ്ക്കുവേണ്ടിയുള്ള മതബോധനഗ്രന്ഥാവലി പ്രസിദ്ധീകരിക്കുന്നതിൽ അതിയായ സന്തോഷവും ചാരിതാർത്ഥ്യവുമുണ്ട്.

വിശ്വാസപരിശീലനം എന്നത് സഭയുടെ പ്രധാന ദൗത്യങ്ങളിലൊന്നാണ്. വിശ്വസിക്കുന്ന കാര്യങ്ങളെക്കുറിച്ച് വ്യക്തമായ അറിവും ബോധ്യവും ഓരോ വിശ്വാസിക്കും ലഭിക്കണം. കേരള ലത്തീൻകത്തോലിക്കാസഭയുടെ തനതായ പാരമ്പര്യവും സംസ്കാരവും ആരാധനക്രമവും വിശ്വാസിസമൂഹം വ്യക്തമായി അറിയുകയും ജീവിക്കുകയും വേണം. ക്രിസ്തുരഹസ്യങ്ങളെയും സഭാജീവിതത്തെയും ആധുനികലോകത്തിന്റെ സാഹചര്യങ്ങളിൽ നിന്നുകൊണ്ട് ധീരമായി പ്രഘോഷിക്കാൻ വിശ്വാസികളേവർക്കും കടമയുണ്ട്.

ക്രിസ്തുജയന്തി രണ്ടായിരാമാണ്ടിലാണ് കെ.ആർ.എൽ.സി.ബി.സി. മതബോധനകമ്മീഷൻ രൂപീകരിക്കപ്പെട്ടത്. കമ്മീഷന്റെ പ്രഥമവും പ്രധാനവുമായ ദൗത്യം കേരള ലത്തീൻ കത്തോലിക്കാസഭയ്ക്കുവേണ്ടിയുള്ള വിശ്വാസപരിശീലനപാഠാവലി തയ്യാറാക്കുക എന്നതായിരുന്നു. ഈ ദൗത്യം സ്തുത്യർഹമാംവിധം നിർവഹിച്ച കമ്മീഷൻചെയർമാൻ അഭിവന്ദ്യ സൂസപാക്യം പിതാവിനും സെക്രട്ടറി റവ. ഡോ. സ്റ്റാൻലി മാതിരപ്പിള്ളിക്കും മറ്റ് കമ്മീഷൻഅംഗങ്ങൾക്കും പ്രവർത്തകർക്കും ഞാൻ നന്ദി പറയുന്നു. നമ്മുടെ മക്കളുടെ വിശ്വാസപാതയിൽ വഴിവിളക്കായി ഈ പുസ്തകപഠനം പ്രശോഭിക്കട്ടെ എന്ന് ഹൃദയപൂർവം ആശംസിക്കുന്നു.

**+ ആർച്ച്ബിഷപ്പ് ഡാനിയേൽ അച്ചാരുപറമ്പിൽ**
പ്രസിഡന്റ്, കെ.ആർ.എൽ.സി.ബി.സി., കൊച്ചി
മെയ് 1, 2008

**Latin Archdiocese of Trivandrum**
Latin Archbishop's House, Vellayambalam,
P. B. No. 805, Trivandrum-695 003
E-mail: bpsoosa@md4.vsnl.net.in



# സമർപ്പണം

“നിങ്ങൾ ലോകമെങ്ങുംപോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ” (മർക്കോ. 16:15). യേശുവിന്റെ ഈ ആഹ്വാനം ശിരസ്സാ വഹിച്ചുകൊണ്ട് സുവിശേഷമാകുകയും സുവിശേഷമേകുകയും ചെയ്യുന്ന ശിഷ്യന്മാരുടെ സ്നേഹസമൂഹത്തിന്, ദൈവരാജ്യത്തിന് രൂപം കൊടുക്കുന്നതിൽ സഭ എന്നും വ്യാപൃതയാണ്. യേശുവിലൂടെ ദൈവത്തെ നിരന്തരം അറിയുകയും അനുഭവിക്കുകയും ഈ അറിവും അനുഭവവും മറ്റുള്ളവർക്ക് പകർന്നുകൊടുക്കുകയും ചെയ്തുകൊണ്ട്, സമാഗതമായിക്കൊണ്ടിരിക്കുന്ന ദൈവരാജ്യത്തിന്റെ അടയാളവും കൂദാശയുമായാണ് സഭ നിലകൊള്ളുന്നത്. സഭയുടെ ഭൂമിശാസ്ത്രപരമായ വ്യാപ്തിയും സംഖ്യാപരമായ വർദ്ധനയും മാത്രമല്ല, ആന്തരിക വളർച്ചയും സർവോപരി ദൈവികപദ്ധതിയോടുള്ള സഹകരണവുമെല്ലാം അടിസ്ഥാനപരമായി മതബോധനത്തെ ആശ്രയിച്ചാണിരിക്കുന്നത് (CT 13). ഈ അവബോധമാണ് മതബോധനത്തെ എല്ലാക്കാലത്തും പ്രഥമശുശ്രൂഷയായി പരിഗണിക്കാൻ സഭയെ പ്രേരിപ്പിച്ചിട്ടുള്ളത്.

കാലത്തിന്റെ ചുവരെഴുത്തുകൾ സുവിശേഷവെളിച്ചത്തിൽ വായിച്ചു മനസ്സിലാക്കാൻ ആഹ്വാനം ചെയ്ത വത്തിക്കാൻ സൂനഹദോസ്, മതബോധനശുശ്രൂഷയ്ക്ക് പുത്തൻ ഉണർവും നൂതന രൂപഭാവങ്ങളും പകർന്നു നല്കി. ഈ ചൈതന്യമുൾക്കൊണ്ടുകൊണ്ട് അടുത്തകാലത്തു പ്രസിദ്ധീകരിച്ച “കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം” വിശ്വാസപരിശീലനം സംബന്ധിച്ചിടത്തോളം ആധികാരിക സംശോധന സ്രോതസ്സായി നിലകൊള്ളുന്നു. സാർവത്രിക സഭയുടെ ഈ ആധികാരിക പഠനങ്ങളും പൊതുവായ മാർഗനിർദ്ദേശങ്ങളും സ്ഥലകാലസാഹചര്യങ്ങൾക്കൊത്ത് അനുരൂപപ്പെടുത്തേണ്ടത് ഓരോ പ്രാദേശികസഭയുടെയും കടമയാണ്. ഈ ദൗത്യമാണ് “ആത്മാവിന്റെ നിറവിൽ” എന്ന പേരിൽ പ്രസിദ്ധീകരിക്കുന്ന പാഠപുസ്തകങ്ങളിലൂടെ കേരള ലത്തീൻ കത്തോലിക്കാസഭ നിർവഹിക്കുന്നത്.

ഈ വിശ്വാസപരിശീലനപാഠാവലിയിൽ വിശ്വാസസത്യങ്ങളുടെ അവതാരണത്തോടൊപ്പം കേരള ലത്തീൻ കത്തോലിക്കാസഭയുടെ ചരിത്രവും പാരമ്പര്യവും ആരാധനക്രമത്തിലെ പ്രത്യേകതകളും ഉൾക്കൊള്ളിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. വിശ്വാസവും ആഘോഷവും ജീവിതവും പ്രാർത്ഥനയും സമന്വയിപ്പിക്കുന്ന ഒരു സമീപനം ഉള്ളടക്കത്തിലും അവതാരണത്തിലും കാണുന്നുണ്ട്. ലളിതമായ ഭാഷയും കുട്ടികളെ ആകർഷിക്കുന്ന ആധുനിക ബോധനരീതികളും ശ്രദ്ധേയമാണ്. ഇത്രയേറെ മനോഹരമായ രീതിയിൽ, അങ്ങേയറ്റം വ്യക്തതയോടെ ഈ പാഠാവലികൾ രൂപകല്പന ചെയ്തു പ്രസിദ്ധീകരിക്കാൻ സഹായിച്ച ബഹുമാനപ്പെട്ട സ്റ്റാൻലി മാതിരപ്പിള്ളി അച്ചനെയും സഹപ്രവർത്തകരെയും ഞാൻ ഹാർദ്ദമായി അഭിനന്ദിക്കുന്നു. വിശ്വാസപരിശീലനംനേടുന്ന നമ്മുടെ കുഞ്ഞുമക്കളെല്ലാവരും യേശുവിനെപ്പോലെ “ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും” (ലൂക്കാ 2:52) വളരാൻ ഇടവരട്ടെ എന്ന പ്രാർത്ഥനയോടുകൂടെ ഈ പാഠപുസ്തകങ്ങൾ സർവജനസമക്ഷം സമർപ്പിക്കുന്നു.

**ആർച്ച്ബിഷപ്പ് സൂസപാക്യം എം.**
ചെയർമാൻ, മതബോധന കമ്മീഷൻ
കെ.ആർ.എൽ.സി.ബി.സി. തിരുവനന്തപുരം

തിരുവനന്തപുരം
മേയ് 1, 2008

# കൃതജ്ഞത

"പിതാവിൻ പക്കലേക്ക്," ക്രിസ്തുവിന്റെ പിന്നാലേ" എന്നീ ശീർഷകങ്ങളിൽ എറണാകുളം പി.ഒ.സി. പ്രസിദ്ധീകരിച്ച വിശ്വാസപരിശീലനപാഠാവലിയുടെ തുടർച്ചയെന്നോണമാണ് "ആത്മാവിന്റെ നിറവിൽ" എന്ന പേരിൽ കേരള ലത്തീൻ കത്തോലിക്കാ സഭയ്ക്കുവേണ്ടിയുള്ള മതപഠനപുസ്തകങ്ങൾ കെ.ആർ.എൽ.സി.ബി.സി. മതബോധനകമ്മീഷൻ പ്രസിദ്ധീകരിക്കുന്നത്.

കേരള ലത്തീൻ കത്തോലിക്കാസഭയ്ക്കുവേണ്ടി തനതായ വിശ്വാസപരിശീലന പാഠാവലി തയ്യാറാക്കുന്നതിന്റെ ഒരുക്കമായി Come, See and Abide എന്ന പേരിൽ ഒരു മതബോധന ഡയറക്ടറി പ്രസിദ്ധീകരിക്കുകയുണ്ടായി. പ്രസ്തുത ഡയറക്ടറിയുടെ അടിസ്ഥാനത്തിലാണ് ഒന്നു മുതൽ പന്ത്രണ്ടുവരെക്ലാസ്സുകൾക്കുള്ള വിശ്വാസപരിശീലന പാഠാവലി തയ്യാറാക്കിയത്. നാലു ഘട്ടങ്ങളായാണ് പാഠപുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നത്. ഒന്നുമുതൽ മൂന്നുവരെ ക്ലാസ്സുകളിലെ പുസ്തകങ്ങൾ ഒന്നാം ഘട്ടത്തിലും നാലു മുതൽ ആറുവരെ ക്ലാസ്സുകളിലെ പുസ്തകങ്ങൾ രണ്ടാം ഘട്ടത്തിലും ഏഴുമുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളിലെ പുസ്തകങ്ങൾ മൂന്നും നാലും ഘട്ടങ്ങളിലുമായും പ്രസിദ്ധീകരിക്കുന്നു.

ധാരാളംപേരുടെ ആത്മാർത്ഥമായ സഹകരണത്തിന്റെയും പ്രോത്സാഹനത്തിന്റെയും ഫലമാണ് ഈ പാഠപുസ്തകങ്ങൾ. കമ്മീഷന്റെ വിലപ്പെട്ട ഈ ഉദ്യമത്തിന് ആവശ്യമായ എല്ലാവിധ പ്രോത്സാഹനങ്ങളും നല്കുകയും തയ്യാറാക്കിയ പുസ്തകങ്ങൾ അംഗീകരിച്ച് പ്രസിദ്ധീകരണാനുമതി നല്കുകയും ചെയ്ത കേരള ലത്തീൻ കത്തോലിക്കാ സഭയിലെ എല്ലാ അഭിവന്ദ്യ മെത്രാന്മാർക്കും പ്രത്യേകിച്ച് ആർച്ച്ബിഷപ്പ് ഡാനിയേൽ അച്ചാരുപറമ്പിൽ, ആർച്ച്ബിഷപ്പ് സൂസപാക്യം എന്നിവർക്കും സ്നേഹപൂർവം നന്ദി പറയുന്നു. കെ.ആർ.എൽ.സി.ബി.സി.ക്കുവേണ്ടി പുസ്തകങ്ങൾ വേണ്ടവിധം പരിശോധിച്ച് ആവശ്യമായ തിരുത്തലുകൾ നല്കിയ ബിഷപ്പ് സ്റ്റാൻലി റോമൻ, ബിഷപ്പ് ജോസഫ് കരിയിൽ, ബിഷപ്പ് വർഗീസ് ചക്കാലക്കൽ, ബിഷപ്പ് ജോസഫ് കളത്തിപ്പറമ്പിൽ എന്നീ അഭിവന്ദ്യപിതാക്കന്മാർക്ക് പ്രത്യേകം നന്ദി. മതബോധന കമ്മീഷന്റെ എല്ലാ പ്രവർത്തനങ്ങളോടും ആത്മാർത്ഥമായി സഹകരിക്കുകയും അക്ഷീണം പ്രയത്നിക്കുകയും ചെയ്യുന്ന എല്ലാ മതബോധന ഡയറക്ടർമാരെയും റിസോഴ്സ് ടീം അംഗങ്ങളെയും ഫാ. നിക്കോളാസ്, സി. ജെ. ഹെൻറി എന്നിവരെയും നന്ദിയോടെ സ്മരിക്കുന്നു.

നാലുമുതൽ ആറുവരെയുള്ള പാഠപുസ്തകങ്ങളുടെ ഭാഷാശുദ്ധി പരിശോധിക്കുകയും അവയ്ക്കുവേണ്ട ഗാനങ്ങൾ തയ്യാറാക്കുകയും ചെയ്ത ഡോ. പ്രീമൂസ് പെരിഞ്ചേരിക്കും കമ്പ്യൂട്ടർ ലേഔട്ടും ഗ്രാഫിക്സും നിർവഹിച്ച ലാജൻ ഒറാക്കിലിനും പ്രിന്റിങ് നിർവഹിച്ച തിരുവനന്തപുരം സെന്റ് ജോസഫ്സ് പ്രസ് അംഗങ്ങൾക്കും ഹൃദയപൂർവം നന്ദി പറയുന്നു.

**ഡോ. സ്റ്റാൻലി മാതിരപ്പിള്ളി**
സെക്രട്ടറി ബൈബിൾ - മതബോധന കമ്മീഷൻ
കെ.ആർ.എൽ.സി.ബി.സി., ആശീർഭവൻ, കൊച്ചി.

മേയ് 1, 2008

# ഉള്ളടക്കം

1. ബൈബിൾ ദൈവവചനം ........ 7
2. അബ്രാഹം ........ 12
3. വിശ്വസ്തനായ ജോസഫ് ........ 18
4. നേതാവായ മോശ ........ 23
5. പുറപ്പാട് സംഭവം ........ 28
6. ദാവീദ് രാജാവ് ........ 34
7. സോളമൻ ........ 39
8. പ്രവാചകന്മാർ ........ 44
9. മോചനം ഒരു വിളിപ്പാടകലെ ........ 54
10. സ്നാപകയോഹന്നാൻ ........ 59
11. ക്രിസ്തു നമ്മുടെ നേതാവ് ........ 64
12. അപ്പസ്തോലന്മാർ ........ 71

വിശുദ്ധ ഫ്രാൻസിസ് അസ്സീസി ........ 79

പാഠം ഒന്ന്

# ബൈബിൾ ദൈവവചനം



അനുസരണവും ദൈവഭയവുമുള്ള കുട്ടിയാണ് തോമസ്. ഒരു ദിവസം ട്യൂഷനുപോയി തിരിച്ചുവരുമ്പോൾ ശക്തമായ കാറ്റും മഴയും ഉണ്ടായി. വീട്ടിലേക്കു പോകാൻ കഴിയാതെ അവനാകെ വിഷമിച്ചു. മഴ അല്പം ശമിച്ചപ്പോൾ നേരം ഏറെ ഇരുട്ടിയിരുന്നു. പുഴയോരത്തു കൂടെ, ഇരുട്ടിലൂടെയുള്ള യാത്ര! അവൻ ഭയം കൊണ്ട് ദൈവത്തോടു കരഞ്ഞു പ്രാർത്ഥിച്ചു. മഴമേഘങ്ങളാൽ മറഞ്ഞിരുന്നചന്ദ്രൻ പ്രകാശംപരത്താൻ തുടങ്ങി. ആ വെള്ളി വെളിച്ചത്തിലൂടെ, നന്ദി നിറഞ്ഞ ഹൃദയത്തോടെ അവൻ വീട്ടിലേക്കു പോയി.




നമ്മുടെ ജീവിതം ഒരു യാത്രയാണ്. നമ്മുടെ യാത്രയിൽ പലവിധ തടസ്സങ്ങൾ കടന്നുവരാം. നമ്മെ വഴി തെറ്റിക്കുന്ന ശക്തികളും അനുഭവങ്ങളുമുണ്ടാകാം. അപ്പോൾ നാം എന്തുചെയ്യും? ഇരുളിൽ പാത തെളിക്കുന്ന ഒരു പിതാവു നമുക്കുണ്ട്. ആ പിതാവ് എപ്പോഴും നമ്മുടെ കൂടെ നടക്കുന്നു. **ആ പിതാവാണ് നമ്മുടെ ദൈവം. ആ ദൈവത്തിന്റെ വചനമടങ്ങുന്ന വിശുദ്ധഗ്രന്ഥത്തെ നാം ബൈബിൾ എന്നു വിളിക്കുന്നു.**

അന്ധകാരത്തിൽ കഴിയുന്നവർക്ക്
പ്രകാശം നല്കുന്നതാണ് ബൈബിൾ.
ബൈബിൾ ദൈവ-മനുഷ്യവചനമാണ്.
ബൈബിൾ ദൈവനിവേശിതഗ്രന്ഥം.

## എന്താണ് ബൈബിൾ ?

ബൈബിൾ വിശുദ്ധഗ്രന്ഥമാണ്. ക്രൈസ്തവരായ നമ്മുടെ മതഗ്രന്ഥമാണ്. മറ്റു പുസ്തകങ്ങൾപോലെ വെറുമൊരു പുസ്തകമല്ല.

**പരിശുദ്ധാത്മാവിന്റെ നിരന്തരമായ സഹായത്താലും പ്രചോദനത്താലും എഴുതപ്പെട്ടതും തിരുസഭ അംഗീകരിച്ചിട്ടുള്ളതുമായ പുസ്തകമാണ് ബൈബിൾ.**

### മനുഷ്യകരങ്ങൾകൊണ്ട് എഴുതപ്പെട്ട ദൈവത്തിന്റെ വചനമാണ് ബൈബിൾ

"ദൈവത്തിന്റെ വചനം സജീവവും ഊർജ്ജസ്വലവുമാണ്. ഇരുതലവാളിനെക്കാൾ മൂർച്ചയേറിയതും ചേതനയിലും ആത്മാവിലും സന്ധിബന്ധങ്ങളിലും മജ്ജയിലും തുളച്ചു കയറി ഹൃദയത്തിന്റെ വിചാരങ്ങളെയും നിയോഗങ്ങളെയും വിവേചിക്കുന്നതുമാണ്" (ഹെബ്രാ. 4:12).

### ദൈവ-മനുഷ്യബന്ധത്തിന്റെ ചരിത്രമാണ് ബൈബിൾ

ബൈബിൾ എന്നാൽ 'പുസ്തകം' എന്നാണർത്ഥം. 'ബിബ്ളിയ' എന്ന ഗ്രീക്കുപദത്തിൽ നിന്നാണ് ബൈബിൾ എന്ന വാക്കുണ്ടായത്. 'ബിബ്ളിയ' എന്നാൽ 'ചെറിയ പുസ്തകങ്ങൾ' എന്നാണർത്ഥം. ബൈബിൾ എന്ന പദം വിശുദ്ധ ക്ലമന്റിന്റെ രചനകളിലാണ് ആദ്യമായി കാണപ്പെട്ടത്.

## പഴയനിയമം - പുതിയ നിയമം

ബൈബിളിനെ പഴയനിയമം (പഴയ ഉടമ്പടി) എന്നും പുതിയനിയമം (പുതിയ ഉടമ്പടി) എന്നും രണ്ടായി തിരിച്ചിരിക്കുന്നു.

46 പുസ്തകങ്ങളാണ് പഴയനിയമത്തിലുള്ളത്.

**ദൈവത്തിന്റെ ജനമായ ഇസ്രായേലിന്റെ ചരിത്രമാണ് പഴയനിയമത്തിന്റെ ഉള്ളടക്കം.**

പഴയ നിയമത്തിന്റെ പൂർത്തീകരണമാണ് പുതിയനിയമം.

27 പുസ്തകങ്ങളാണ് പുതിയനിയമത്തിലുള്ളത്.

**ദൈവപുത്രനായ യേശുവിലൂടെയുള്ള രക്ഷയുടെചരിത്രമാണ് പുതിയനിയമത്തിന്റെ ഉള്ളടക്കം.**

പുതിയനിയമവും പഴയനിയമവും ചേർന്ന് 73 പുസ്തകങ്ങളുണ്ട്.

## എന്തിനാണ് ബൈബിൾ ?

നമ്മൾ സ്നേഹിതർ തമ്മിൽ കത്തിലൂടെയും ഫോണിലൂടെയും ഇ-മെയിലിലൂടെയും മറ്റും ആശയവിനിമയം നടത്താറുണ്ടല്ലോ. സ്നേഹബന്ധങ്ങൾ വളർത്താനും ഊട്ടിയുറപ്പിക്കാനും ഇത് ഉപകരിക്കുന്നു. അതുപോലെ, ദൈവവും മനുഷ്യനും തമ്മിലുള്ള ആഴമായ സ്നേഹബന്ധം ഊട്ടിയുറപ്പിക്കാൻ ബൈബിൾ നമ്മെ സഹായിക്കുന്നു. ബൈബിളിലൂടെ ദൈവം നമ്മോട് സംസാരിക്കുന്നു.

ദൈവനീതിയിലധിഷ്ഠിതമായ ദൈവരാജ്യം പണിതുയർത്താൻ ബൈബിൾ നമ്മെ പഠിപ്പിക്കുന്നു.



**73 വിശുദ്ധപുസ്തകങ്ങൾ ഉൾക്കൊള്ളുന്ന ഒരു ലൈബ്രറിയാണ് ബൈബിൾ**

**ഏകദേശം 1400 വർഷങ്ങൾനീണ്ട കാലയളവിലാണ് ബൈബിൾ എഴുതപ്പെട്ടത്.**

**പഴയനിയമം പൊതുവേ ഹെബ്രായ (ഹീബ്രു) ഭാഷയിലും പുതിയ നിയമം ഗ്രീക്കുഭാഷയിലുമാണ് എഴുതപ്പെട്ടത്.**

**ലോകത്തിൽ ആദ്യം അച്ചടിക്കപ്പെട്ട പുസ്തകമാണ് ബൈബിൾ. 1456-ൽ ജർമ്മൻ കാരനായ ഗുട്ടൻബർഗ് ആണ് ബൈബിൾ അച്ചടിച്ചത്.**

**ലോകത്തിൽ ഇന്ന് ഏറ്റവുമധികം അച്ചടിക്കപ്പെടുന്നതും വിവർത്തനം ചെയ്യപ്പെടുന്നതും വിതരണംചെയ്യപ്പെടുന്നതും വായിക്കപ്പെടുന്നതുമായ പുസ്തകം ബൈബിളാണ്.**

**വിശുദ്ധഗ്രന്ഥത്തിന് ബൈബിൾ എന്നു പേരു വിളിച്ചത് വിശുദ്ധ ക്ലമന്റാണ്.**

**ബൈബിളിനെ എങ്ങനെ സമീപിക്കണം ?**

ആദരവോടെ സമീപിക്കണം
വിശ്വാസത്തോടെ വായിക്കണം
ശ്രദ്ധയോടെ ഉൾക്കൊള്ളണം
സ്നേഹത്തോടെ സ്വീകരിക്കണം
വിശ്വസ്തതയോടെ ജീവിക്കണം
ഭക്തിയോടെ പ്രഘോഷിക്കണം

ദൈവവചനം അനുദിനം വായിച്ച് ധ്യാനിക്കുകയും നമ്മുടെ ജീവിതസാഹചര്യങ്ങളുമായി ബന്ധപ്പെടുത്തി ഉൾക്കൊള്ളുകയും വേണം.

**നമുക്ക് ഉത്തരം കണ്ടെത്താം**

1. ബൈബിൾ എന്ന വാക്കിന്റെ അർത്ഥമെന്ത്?
2. ബൈബിളിൽ ആകെ എത്ര പുസ്തകങ്ങളുണ്ട്?
3. ബൈബിൾ എന്ന പദം ആദ്യമായി ഉപയോഗിച്ചുകാണുന്നതെവിടെ?
4. ബൈബിൾ പ്രധാനമായും എത്രയായി തരംതിരിച്ചിരിക്കുന്നു?
5. ബൈബിളിനെ എങ്ങനെയെല്ലാം സമീപിക്കാം?

## നമുക്കു പാടാം



ദൈവത്തിൻ തിരുവചനം, ബൈബിൾ
ദൈവനിവേശിതഗ്രന്ഥം
പരിശുദ്ധാത്മസഹായത്തോടെ
വിരചിതമാം തിരുഗ്രന്ഥം
വിശ്വാസത്താൽ ആദരപൂർവം
വായിക്കേണ്ടും ഗ്രന്ഥം

ദൈവം മാനവമക്കൾക്കായി
നല്കും സ്നേഹസന്ദേശം
പാദത്തിന്നു വിളക്കും, വഴിയിൽ
വെട്ടവുമാകും ബൈബിൾ!



## നമുക്കു ദൈവവചനം ഓർമ്മിക്കാം

"അങ്ങയുടെ വചനം എന്റെ പാദത്തിന് വിളക്കും പാതയിൽ പ്രകാശവുമാണ്" (സങ്കീ. 119:105).

## നമുക്കു പ്രാർത്ഥിക്കാം



സ്നേഹപിതാവേ, അങ്ങയുടെ വചനമനുസരിച്ചു ജീവിക്കാൻ ഞങ്ങൾക്കു ശക്തി നല്കണമേ.

## മന:പാഠമാക്കാം

"ബൈബിളിനെക്കുറിച്ചുള്ള അജ്ഞത ക്രിസ്തുവിനെക്കുറിച്ചുള്ള അജ്ഞതയാണ്"-വിശുദ്ധ ജെറോം.

പാഠം രണ്ട്

# അബ്രാഹം

തൊഴിൽ അന്വേഷിക്കുന്നവരെ നാം കണ്ടിട്ടുണ്ടല്ലോ. ജീവിക്കാൻ ആവശ്യമായ ആഹാരം, വസ്ത്രം, പാർപ്പിടം എന്നിവയ്ക്കായി ഒറ്റയ്ക്കും കുടുംബമായും നമ്മുടെ നാട്ടിലും വിദേശത്തും തൊഴിൽതേടുന്നവരെ നാം ശ്രദ്ധിച്ചിട്ടുണ്ടല്ലോ.



ക്രിസ്തുവിനു മുമ്പ് ബി. സി. 19-ാം നൂറ്റാണ്ടിൽ അബ്രാം എന്നൊരു കുടിയേറ്റക്കാരനുണ്ടായിരുന്നു. മെസപ്പൊട്ടാമിയയിലെ ഊർ എന്ന സ്ഥലത്ത് തേരായുടെ മകനായി അബ്രാം ജനിച്ചു. ആടുകളെ മേയ്ച്ചിരുന്ന അബ്രാം ഹാരാനിലാണ് താമസിച്ചിരുന്നത്. അവിടെവച്ച് അബ്രാമിനെ ദൈവം വിളിച്ചു (ഉത്പ. 12: 1-3).

കർത്താവ് അബ്രാമിനോട് അരുൾചെയ്തു: "നിന്റെ ദേശത്തെയും ബന്ധുക്കളെയും പിതൃഭവനത്തെയും വിട്ട്, ഞാൻ കാണിച്ചുതരുന്ന നാട്ടിലേക്കു പോകുക. ഞാൻ നിന്നെ വലിയൊരു ജനതയാക്കും. നിന്നെ ഞാൻ അനുഗ്രഹിക്കും. നിന്റെ പേര് ഞാൻ മഹത്തമമാക്കും. അങ്ങനെ നീ ഒരു അനുഗ്രഹമായിരിക്കും" (ഉത്പ. 12:2).

ദൈവം കല്പിച്ചതനുസരിച്ച് അബ്രാം പുറപ്പെട്ടു. കാനാൻദേശത്തെത്തി. കാനാനിൽ വച്ച് ദൈവം അബ്രാമിനോട് ഒരു ഉടമ്പടിചെയ്തു: "നീ അനവധി ജനതകൾക്ക് പിതാവായിരിക്കും" (ഉത്പ. 17:5).

"ഇനി നീ അബ്രാം എന്ന് വിളിക്കപ്പെടുകയില്ല.
നിന്റെ പേര് അബ്രാഹം എന്നായിരിക്കും".

**"അബ്രാഹം" എന്ന വാക്കിന്
"ജനതകളുടെ പിതാവ്" എന്നാണർത്ഥം**



നിങ്ങൾക്ക് അനുജനും അനുജത്തിയും ഉണ്ടോ?
അവരുമായി കളിച്ചുനടക്കാൻ എന്തു രസമാണല്ലേ? കുട്ടികളില്ലാത്ത വീടുകൾ നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? അങ്ങനെയുള്ള ഒരു കുടുംബത്തെ നമുക്ക് പരിചയപ്പെടാം.


അബ്രാഹവും ഭാര്യ സാറായും വൃദ്ധരായിരുന്നു. അവർക്ക് മക്കളുണ്ടായിരുന്നില്ല. എങ്കിലും വാഗ്ദാനങ്ങളിൽ വിശ്വസ്തനായ ദൈവത്തിൽ അബ്രാഹം വിശ്വസിച്ചു. വർഷങ്ങൾ കടന്നുപോയി. അബ്രാഹത്തിനു വാർദ്ധക്യത്തിൽ ഒരു പുത്രനെ ദൈവം നല്കി.

"അബ്രാഹം തന്റെ കുഞ്ഞിന് ഇസഹാക്ക് എന്നു പേരിട്ടു" (ഉത്പ 21: 2-3).

**"ഇസഹാക്ക്" എന്ന പേരിന്
"ചിരിക്കുന്നവൻ" എന്നാണർത്ഥം.**

## അബ്രാഹത്തിന്റെ വിശ്വസ്തതയും അനുസരണവും

ദൈവം അബ്രാഹത്തിനോടു പറഞ്ഞു: "നീ സ്നേഹിക്കുന്ന നിന്റെ ഏകമകൻ ഇസഹാക്കിനെയും കൂട്ടിക്കൊണ്ട് മോറിയാദേശത്തു പോകുക. അവിടെ ഞാൻ കാണിച്ചുതരുന്ന മലമുകളിൽ നീ അവനെ എനിക്ക് ഒരു ദഹനബലിയായി അർപ്പിക്കണം" (ഉത്പ. 22:2).



ദൈവം പറഞ്ഞതനുസരിച്ച് ഇസഹാക്കിനെയുംകൂട്ടി അബ്രാഹം അതിരാവിലേ മോറിയാ മലയിലേക്കു പോയി. ഒരു ബലിപീഠമൊരുക്കി, അതിൽ കുട്ടിയെ കിടത്തി. മകനെ ബലി കഴിക്കാൻ കത്തി ഉയർത്തി.

പെട്ടെന്ന് കർത്താവിന്റെ ദൂതൻ പ്രത്യക്ഷപ്പെട്ട് അബ്രാഹത്തിനെ തടഞ്ഞുകൊണ്ടു പറഞ്ഞു: "കുട്ടിയുടെ മേൽ കൈവയ്ക്കരുത്. അവനെ ഒന്നുംചെയ്യരുത്. നീ ദൈവത്തെ ഭയപ്പെടുന്നുണ്ടെന്ന് എനിക്കിപ്പോൾ ഉറപ്പായി. കാരണം, നിന്റെ ഏകപുത്രനെ എനിക്കു തരാൻ നീ മടി കാണിച്ചില്ല" (ഉത്പ. 22:12).

**തനിക്ക് ഏറ്റവും പ്രിയപ്പെട്ടതും വിലപ്പെട്ടതും നല്കിക്കൊണ്ട് അബ്രാഹം ദൈവത്തോടുള്ള വിശ്വസ്തതയും അനുസരണവും തെളിയിച്ചു.**

**ദൈവത്തിന്റെ കല്പനപ്രകാരം അബ്രാഹം തന്റെ ദേശത്തെയും ബന്ധുക്കളെയും പിതൃഭവനത്തെയും ഉപേക്ഷിച്ച് അന്യദേശത്തേക്കു പോയി.**

**വൃദ്ധനായിരുന്നിട്ടും, വന്ധ്യയും വൃദ്ധയുമായ ഭാര്യ സാറായിൽ നിന്ന് ഒരു കുഞ്ഞു ജനിക്കുമെന്നു ദൈവം പറഞ്ഞത് അബ്രാഹം വിശ്വസിച്ചു.**

**തനിക്ക് എല്ലാമായിരുന്ന ഏക മകൻ ഇസഹാക്കിനെ ദൈവേഷ്ടപ്രകാരം ബലികഴിക്കാൻ അബ്രാഹം തയ്യാറായി. തന്നിൽ വിശ്വാസമർപ്പിച്ചുജീവിച്ച അബ്രാഹത്തിനെ വിശ്വാസികളുടെ പിതാവായി ദൈവം ഉയർത്തി.**

അബ്രാഹം തനിക്കു പ്രിയപ്പെട്ടതും വിലപ്പെട്ടതും സ്വന്തമായതു മുഴുവനും ദൈവത്തിനു നല്കിയതുപോലെ, നാം നമ്മെത്തന്നെ പൂർണമായും ദൈവത്തിനു നല്കണം. കൂടാതെ, നമുക്ക് ഏറ്റവും പ്രിയപ്പെട്ടതും വിലപ്പെട്ടതുമെല്ലാം നമ്മുടെ സുഹൃത്തുക്കൾക്കായി പങ്കുവയ്ക്കുകയും വേണം.

അബ്രാഹത്തെപ്പോലെ ദൈവത്തോട് വിശ്വസ്തതയും അനുസരണവും പുലർത്തുന്നവരെ ദൈവം അനുഗ്രഹിക്കും. അവിടത്തെ വഴികൾ മഹത്തരമാണ്. നമുക്കു ലഭിച്ചിരിക്കുന്ന വിശ്വാസം നാം കാത്തുസൂക്ഷിക്കണം. വിശ്വാസത്തിൽ അനുദിനം വളരണം. വിശ്വാസത്തിൽ വളരാൻ മറ്റുള്ളവരെ നാം സഹായിക്കണം.

**ഉത്തരം കണ്ടെത്താം**

1. ഹാരാനിൽ വച്ച് ദൈവം അബ്രാഹത്തോട് ആവശ്യപ്പെട്ടതെന്ത്?
2. അബ്രാഹത്തിന് ദൈവം നല്കിയ വാഗ്ദാനമെന്ത്?
3. അബ്രാഹത്തിന്റെ വിശ്വാസം ദൈവം പരീക്ഷിച്ചതെങ്ങനെ?
4. അബ്രാഹം എന്ന വാക്കിന്റെ അർത്ഥമെന്ത്?
5. അബ്രാഹത്തിന്റെ മാതൃക നമ്മെ എന്തു പഠിപ്പിക്കുന്നു?

## ചേരുംപടി ചേർക്കുക

| | | |
|---|---|---|
| അബ്രാഹം | | അബ്രാഹത്തിന്റെ ഭാര്യ |
| ഇസഹാക്ക് | | ജനതകളുടെ പിതാവ് |
| സാറാ | | ചിരിക്കുന്നവൻ |
| ദൈവം | | അബ്രാഹത്തിന്റെ ബലി |
| മോറിയാ മല | | വെളിപാട് |

## ശരിയോ തെറ്റോ എന്നെഴുതുക


1. അബ്രാഹം താബോർ മലയിൽ ബലിയർപ്പിച്ചു.
2. ഇസഹാക്ക് അബ്രാഹത്തിന്റെ വളർത്തുപുത്രനായിരുന്നു.
3. സാറാ വൃദ്ധയും വന്ധ്യയുമായിരുന്നു.
4. ഊർ എന്ന ദേശത്താണ് അബ്രാഹം ജനിച്ചത്.

## നിങ്ങളുടെ ഇടവകയിൽ അബ്രാഹത്തെപ്പോലെ, വിലപ്പെട്ടതു മുഴുവൻ ദൈവത്തിനു നല്കി ജീവിക്കുന്നവരുടെ ഒരു ലിസ്റ്റ് തയ്യാറാക്കുക.

| വൈദികർ/സന്ന്യസ്തർ | കുടുംബ ജീവിതം നയിക്കുന്നവർ |
|---|---|
| | |
| | |
| | |
| | |
| | |
| | |
| | |
| | |
| | |
| | |



## നമുക്കു പാടാം



വിശ്വാസം വേണം, വിശ്വസ്തത വേണം
ദൈവത്തിനവയേറ്റം പ്രീതികരം
അബ്രാഹത്തിനെ ദൈവം വിളിച്ചതു
വിശ്വസ്തനായതിനാലേ

തന്നേകപുത്രനെ ബലിനല്കുവാനായ്
അബ്രാഹം മടി കാണിച്ചില്ലാ
സംപ്രീതിനായല്ലോ, ദൈവപിതാവപ്പോൾ
വരദാനപ്പൂമാരി വർഷിച്ചല്ലോ!



## നമുക്ക് ദൈവവചനം ഓർമ്മിക്കാം

ദൈവം അബ്രാഹത്തോടു പറഞ്ഞു : "നിന്റെ പേര് ഞാൻ മഹത്തമമാക്കും. അങ്ങനെ നീ ഒരനുഗ്രഹമായിരിക്കും" (ഉത്പ. 12:2-3).

## നമുക്ക് പ്രാർത്ഥിക്കാം

ദൈവമേ, അങ്ങിൽ വിശ്വസിക്കാനും അങ്ങയുടെ മാർഗങ്ങളനുസരിച്ചു ജീവിക്കാനും ഞങ്ങളെ പഠിപ്പിക്കണമേ.



## നമുക്ക് മന:പാഠമാക്കാം

"ദൈവത്തെപ്രതി സമസ്തവും ത്യജിക്കുന്നതും അവിടത്തെ സ്നേഹിക്കുന്നതും വലിയ ബഹുമാനമാണ്, മഹത്ത്വമാണ്" (ക്രിസ്താനുകരണം-തോമസ് അക്കെമ്പിസ്).

പാഠം മൂന്ന്

# വിശ്വസ്തനായ ജോസഫ്

അബ്രാഹത്തിനെയും ഇസഹാക്കിനെയും നാം പരിചയപ്പെട്ടു. ഇസഹാക്കിന് രണ്ടു മക്കളുണ്ടായിരുന്നു-ഏസാവും യാക്കോബും. അബ്രാഹവും ഇസഹാക്കും യാക്കോബുമാണ് നമ്മുടെ പൂർവപിതാക്കന്മാർ.

യാക്കോബിന്റെ 12 മക്കളിൽ പതിനൊന്നാമനായിരുന്നു ജോസഫ്. യാക്കോബ് തന്റെ മക്കളിൽ ഏറ്റവുമധികം സ്നേഹിച്ചിരുന്നത് ജോസഫിനെയാണ്.



യാക്കോബ് ജോസഫിനെ മറ്റു മക്കളെക്കാളധികം സ്നേഹിച്ചതുകൊണ്ട് സഹോദരന്മാർ ജോസഫിനെ വെറുത്തു. ഒരിക്കൽ ജോസഫിന്റെ സഹോദരന്മാർ ദൂരെയുള്ള ഒരു പ്രദേശത്ത് ആടുകളെ മേയ്ക്കുകയായിരുന്നു. ജോസഫ് തന്റെ സഹോദരങ്ങളുടെ ക്ഷേമം അന്വേഷിക്കാനായി അവിടെ എത്തി. അവനോട് അസൂയ ഉണ്ടായിരുന്ന സഹോദരന്മാർ അവനെ കൊല്ലാനൊരുങ്ങി. എന്നാൽ അവർ അവനെ കൊന്നില്ല. പകരം ഈജിപ്തിലേക്കു പോകുകയായിരുന്ന ഒരു കച്ചവടസംഘത്തിന് അവനെ വിറ്റു. ഈജിപ്തിലെ ഫറവോയുടെ ഉദ്യോഗസ്ഥനായ പൊത്തിഫർ കച്ചവടക്കാരിൽനിന്ന് ജോസഫിനെ അടിമയായി വാങ്ങി. വിശ്വസ്തനായി ജോലി ചെയ്ത ജോസഫ് പൊത്തിഫറിന്റെ വീട്ടിലെ കാര്യസ്ഥനായി ഉയർന്നു. ഇതിനിടെ പൊത്തിഫറിന്റെ ഭാര്യ അവളോടൊപ്പം പാപംചെയ്യാൻ ജോസഫിനെ നിർബന്ധിച്ചു. എന്നാൽ ദൈവഭയമുള്ളവനാകയാൽ അവൻ പാപം ചെയ്തില്ല.

പൊത്തിഫറിന്റെ ഭാര്യ കോപിഷ്ഠയായി. തന്റെ ആഗ്രഹത്തിനു വഴങ്ങാത്ത ജോസഫിനെതിരേ അവൾ അപവാദങ്ങൾ പറഞ്ഞുപരത്തി. പൊത്തിഫർ അവനെ കാരാഗൃഹത്തിലടച്ചു. എന്നാൽ ദൈവം ജോസഫിനൊപ്പം ഉണ്ടായിരുന്നു.



ആയിടയ്ക്ക് ഈജിപ്തിലെ ഫറവോ ഒരു സ്വപ്നം കണ്ടു. ആ സ്വപ്നം വ്യാഖ്യാനിക്കുന്നതിന് ഈജിപ്തിലെ പണ്ഡിതന്മാർക്കു കഴിഞ്ഞില്ല. എന്നാൽ ജോസഫിന് സ്വപ്നം വ്യാഖ്യാനിക്കുന്നതിന് ഒരു പ്രത്യേക കഴിവുണ്ടായിരുന്നു. ജോസഫ് ഫറവോയുടെ സ്വപ്നവും ശരിയായി വ്യാഖ്യാനിച്ചു. ദേശത്തുണ്ടാകാൻ പോകുന്ന കഠിനമായൊരു ക്ഷാമത്തെപ്പറ്റി ജോസഫ് ഫറവോയ്ക്കു മുന്നറിയിപ്പു നല്കി. ഇതിൽ സംപ്രീതനായ ഫറവോ ജോസഫിനെ കാരാഗൃഹത്തിൽ നിന്നു മോചിപ്പിച്ച് ഈജിപ്തിന്റെ മുഴുവൻ അധിപനാക്കി (ഉത്പ. 41:41).



ജോസഫ് പറഞ്ഞതുപോലെ, ദേശത്തെങ്ങും കഠിനമായ ക്ഷാമമുണ്ടായി. എല്ലാ ദേശക്കാരും ഭക്ഷണമില്ലാതെ വലഞ്ഞു. എന്നാൽ ഈജിപ്തിലാകട്ടെ, ജോസഫിന്റെ നിർദ്ദേശപ്രകാരം ധാരാളം ധാന്യം ശേഖരിച്ചുവച്ചിരുന്നു. ധാന്യം വാങ്ങാൻ മറ്റു ദേശക്കാർ ഈജിപ്തിലെത്തി. അവരോടൊപ്പം യാക്കോബിന്റെ മക്കളും ധാന്യത്തിനായി ഈജിപ്തിലേക്കുവന്നു. ജോസഫ് തന്റെ സഹോദരങ്ങളെ തിരിച്ചറിഞ്ഞു. എന്നാൽ അവർക്ക് അവനെ മനസ്സിലായില്ല. ഒടുവിൽ ജോസഫ് അവർക്ക് സ്വയം വെളിപ്പെടുത്തിക്കൊടുത്തു.



ജോസഫ് ഈജിപ്തിലെ ഭരണാധികാരിയാണെന്നറിഞ്ഞപ്പോൾ സഹോദരൻമാർ ഭയപ്പെട്ടു. അവൻ പ്രതികാരം ചെയ്യുമെന്ന് അവർ കരുതി. എന്നാൽ ജോസഫ് അവരോട് ഇപ്രകാരം പറഞ്ഞു: "എന്നെ ഇവിടെ വിറ്റതോർത്ത് നിങ്ങൾ വിഷമിക്കുകയോ വിഷാദിക്കുകയോ വേണ്ട. കാരണം, ജീവൻ നിലനിർത്താൻവേണ്ടി ദൈവമാണ് എന്നെ നിങ്ങൾക്കുമുമ്പേ ഇങ്ങോട്ടയച്ചത്"(ഉത്പ. 45:5).

തന്നെ ദ്രോഹിച്ച സഹോദരന്മാരോട് **നിരുപാധികം ക്ഷമിച്ച** ജോസഫ്, അവരെയും പിതാവായ യാക്കോബിനെയും ഈജിപ്തിലേക്കു കൂട്ടിക്കൊണ്ടുവന്ന് കൂടെപാർപ്പിച്ചു. അങ്ങനെയാണ് ഇസ്രായേൽക്കാർ ഈജിപ്തിലെത്തിയത്.

**ജോസഫിന്റെ ക്ഷമാശീലം നാം മാതൃകയാക്കണം.**

**ജോസഫിനെപ്പോലെ പാപസാഹചര്യങ്ങളിൽനിന്ന് അകന്നിരിക്കണം.**

**ജനനന്മയ്ക്കായി പ്രവർത്തിക്കണം.**

വിശ്വസ്തനായ ജോസഫ് നമ്മുടെ മുമ്പിലെ വലിയ മാതൃകയാണ്. അവൻ ദൈവഭയമുള്ളവനും നീതിമാനുമായിരുന്നു. പാപസാഹചര്യങ്ങളിൽ നിന്ന് ജോസഫ് അകന്നുനിന്നു. തന്നെ ദ്രോഹിച്ച സഹോദരരോട് ആത്മാർത്ഥമായി ക്ഷമിക്കുകയും അവരെ സഹായിക്കുകയും ചെയ്തു. ദൈവത്തിൽ ആശ്രയിക്കുന്നവരെ ദൈവം ഒരിക്കലും കൈവെടിയുകയില്ലെന്ന് ജോസഫിന്റെ ജീവിതം പഠിപ്പിക്കുന്നു.

## ഉത്തരം കണ്ടെത്താം

1. ജോസഫിന്റെ പിതാവിന്റെ പേരെന്ത്?
2. ജോസഫ് എങ്ങനെയാണ് ഈജിപ്തിലെത്തിയത്?
3. ജോസഫ് കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടത് എന്തുകൊണ്ട്?
4. എങ്ങനെയാണ് ജോസഫ് ഈജിപ്തിന്റെ ഭരണാധികാരിയായത്?
5. ജോസഫിന്റെ ജീവിതം നമുക്ക് എന്തു മാതൃക നല്കുന്നു?
6. ഭരണാധികാരി എന്ന നിലയിൽ ജോസഫിൽ കാണുന്ന ഗുണഗണങ്ങൾ വിവരിക്കുക.
7. നമ്മുടെ സമൂഹത്തിലുണ്ടാകുന്ന പാപസാഹചര്യങ്ങളിൽ നിന്ന് നമുക്കെങ്ങനെ ഒഴിഞ്ഞു നില്ക്കാം?

## ജോസഫിൽ കാണുന്ന അഞ്ചു ഗുണഗണങ്ങൾ

**1. ജോസഫ് ദൈവത്തിൽ ആശ്രയിച്ചു.**

**2.**.................................................................................................

**3.**.................................................................................................

**4.**.................................................................................................

**5.**.................................................................................................

### ചിത്രങ്ങൾ ക്രമത്തിലാക്കാമോ?



No :



No :



No :



No :

### നമുക്കു പാടാം



പാപസാഹചര്യങ്ങളിൽ നിന്നും - നമ്മൾ
ഓടിയകലേണം വേഗം
ദൈവസ്നേഹത്തിന്റെ പേരിൽ - നമ്മൾ
പാപമൊഴിവാക്കിടേണം

സോദരർ ദ്രോഹിച്ചിടുമ്പോൾ - നമ്മൾ
ക്ഷമയോടെയതു പൊറുക്കേണം
അപരർക്കു നന്മചെയ്യാനായ് - നമ്മൾ
അവസരം കണ്ടെത്തിടേണം.



### നമുക്കു ദൈവവചനം ഓർമ്മിക്കാം

“ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടന്ന് സകലതും നന്മയ്ക്കായി പരിണമിപ്പിക്കുന്നു” (റോമ. 8:28).

### നമുക്കു പ്രാർത്ഥിക്കാം



എന്റെ ദൈവമേ, എന്നോടു തെറ്റു ചെയ്യുന്നവരോട് ആത്മാർത്ഥമായി ക്ഷമിക്കാൻ എന്നെ പഠിപ്പിക്കണമേ.

### നമുക്ക് മന:പാഠമാക്കാം

“സഹനം കൂടാതെ വിശുദ്ധിയില്ല”
വിശുദ്ധ ഫ്രാൻസിസ് സെയിൽസ്.

പാഠം നാല്

# നേതാവായ മോശ

ജോസഫിന്റെകാലത്ത് ഈജിപ്തിലെത്തിയ യാക്കോബും മക്കളും അവിടെ വാസമുറപ്പിച്ചു. ഈജിപ്തിൽ അവർ വലിയൊരു ജനമായി വളർന്നു. അവരുടെ വളർച്ച കണ്ട് ഈജിപ്തുകാർ ഭയപ്പെട്ടു.

കാലം ഏറെ കഴിഞ്ഞപ്പോൾ ഈജിപ്തുകാർ ഇസ്രായേൽക്കാരെ അടിമകളാക്കി. കഠിനമായി ജോലികൾ ചെയ്യിച്ച് അവരെ പീഡിപ്പിച്ചു.



## മോശയുടെ ജനനം

ഈജിപ്തിലെ രാജാവായ ഫറവോ അക്കാലത്ത് ഇസ്രായേൽക്കാർക്കെതിരേ ഒരു കല്പന പുറപ്പെടുവിച്ചു: ഇസ്രായേൽക്കാർക്കു ജനിക്കുന്ന ആൺകുട്ടികളെയെല്ലാം കൊന്നുകളയണം. രാജാവ് നിയമം നടപ്പാക്കിപ്പോന്നു. ആയിടയ്ക്ക് ഇസ്രായേൽക്കാരിയായ ഒരു സ്ത്രീക്ക് ഒരാൺകുഞ്ഞ് പിറന്നു. പാൽപ്പുഞ്ചിരി തൂകുന്ന ഓമനത്തമുള്ള ആ കുഞ്ഞിനെ രാജകല്പനയ്ക്കു വിട്ടുകൊടുക്കാൻ അമ്മയ്ക്കു മനസ്സു വന്നില്ല. അവൾ തന്റെ കുഞ്ഞിനെ രഹസ്യമായി വളർത്താൻ തീരുമാനിച്ചു. മൂന്നു മാസത്തോളം അവനെ രഹസ്യമായി വളർത്തി.



ഇനിയും രഹസ്യമായി കുഞ്ഞിനെ വളർത്താനാവില്ലെന്നു മനസ്സിലാക്കിയ ആ സ്ത്രീ കുഞ്ഞിനെ ഒരു ചെറിയ പേടകത്തിലാക്കി നൈൽനദിയുടെ തീരത്ത് ഞാങ്ങണ ച്ചെടികൾക്കിടയിൽ ഒളിച്ചുവച്ചു. ആ സമയത്ത് ഫറവോയുടെ പുത്രിയും തോഴിമാരും അവിടെ കുളിക്കാനെത്തി. ഞാങ്ങണച്ചെടികൾക്കിടയിലെ പേടകം രാജകുമാരിയുടെ ശ്രദ്ധയിൽപ്പെട്ടു. രാജകുമാരി തോഴിയെ അയച്ച് പേടകമെടുപ്പിച്ചു. പേടകം തുറന്നപ്പോൾ അതിനുള്ളിൽ ഓമനത്തംതുളുമ്പുന്ന ഒരു കുഞ്ഞിനെ കണ്ടു. കുഞ്ഞിനോട് വാത്സല്യംതോന്നിയ രാജകുമാരി അവനെ വളർത്താൻ ആഗ്രഹിച്ചു. രഹസ്യമായി കുഞ്ഞിനെ വളർത്താൻ രാജകുമാരി അവിടെക്കണ്ട ഒരു സ്ത്രീയെ ഏല്പ്പിച്ചു. ആ സ്ത്രീ അവന്റെ അമ്മ തന്നെയായിരുന്നു! കുട്ടി വളർന്നുവലുതായപ്പോൾ ആ അമ്മ കുഞ്ഞിനെ രാജകുമാരിക്ക് തിരിച്ചുനല്കി. രാജകുമാരി അവന് മോശ (മോസസ്) എന്നു പേരിട്ടു. 'വെള്ളത്തിൽ നിന്നെടുക്കപ്പെട്ടവൻ' എന്നാണ് ഈ പേരിനർത്ഥം. പിന്നീട് അവൻ ഫറവോയുടെ കൊട്ടാരത്തിൽ സുഖസൗകര്യങ്ങളോടെ വളർന്നു.

ഒരു ഇസ്രായേൽക്കാരനാണു താനെന്ന് മോശയ്ക്ക് അറിയാമായിരുന്നു. ഒരിക്കൽ ഒരു ഈജിപ്തുകാരൻ ഒരു ഇസ്രായേൽക്കാരനെ അടിക്കുന്നതു കണ്ട മോശ ആ ഈജിപ്തുകാരനെ കൊന്നുകളഞ്ഞു. ഇതറിഞ്ഞ ഫറവോ കോപിഷ്ഠനായി. ഫറവോയുടെ ശിക്ഷ ഭയന്ന് മോശ മിദിയാൻ എന്ന സ്ഥലത്തേക്ക് ഒളിച്ചോടി. അവിടെ ജെത്രോ എന്ന പുരോഹിതന്റെ ആടുകളെ മേയ്ച്ചു ജീവിച്ചു. പുരോഹിതന്റ മകളെ പിന്നീട് മോശ വിവാഹം കഴിച്ചു.

## ദൈവം വിളിക്കുന്നു

ഈജിപ്തുകാർ അപ്പോഴും ഇസ്രായേൽക്കാരെ പീഡിപ്പിച്ചുകൊണ്ടിരുന്നു. പീഡനം അതികഠിനമായപ്പോൾ അവർ ദൈവത്തെ വിളിച്ചു നെടുവീർപ്പിട്ടു കരഞ്ഞു. ദൈവം അവരുടെ നിലവിളി ശ്രവിച്ചു.

ഒരു ദിവസം മോശ ഹോറേബാ മലയിൽ ആടുകളെ മേയ്ച്ചുകൊണ്ടിരിക്കുകയായിരുന്നു. പെട്ടെന്ന് ഒരു മുൾപ്പടർപ്പ് കത്തുന്നതു മോശ കണ്ടു. കത്തുന്ന മുൾപ്പടർപ്പിൽ നിന്ന് ദൈവം മോശയോടുപറഞ്ഞു: "ഇതാ, ഇസ്രായേൽമക്കളുടെ നിലവിളി എന്റെയടുത്ത് എത്തിയിരിക്കുന്നു. ഈജിപ്തുകാർ അവരെ എപ്രകാരം മർദ്ദിക്കുന്നുവെന്ന് ഞാൻ കണ്ടു. ആകയാൽ വരൂ, ഞാൻ നിന്നെ ഫറവോയുടെ അടുക്കലേക്ക് അയയ്ക്കാം. നീ എന്റെ ജനമായ ഇസ്രായേൽമക്കളെ ഈജിപ്തിൽനിന്നു പുറത്തുകൊണ്ടുവരണം" (പുറ. 3:9-10).

വിക്കനായിരുന്ന മോശ തന്റെ കുറവുകൾ ദൈവത്തെ അറിയിച്ചു. തനിക്ക് സംസാരപാടവമില്ലെന്നും താൻ പറഞ്ഞാൽ ജനം തന്നെ അനുസരിക്കില്ലെന്നും ജനം തന്നിൽ വിശ്വസിക്കില്ലെന്നും മോശ ദൈവത്തോടു പറഞ്ഞു. എന്നാൽ മോശയെ ദൈവം ധൈര്യപ്പെടുത്തി. സഹായിയായി അഹറോനെ നല്കി. ദൈവം പറഞ്ഞു: "ഞാൻ നിന്റെയും അവന്റെയും നാവിനെ ശക്തിപ്പെടുത്തും" (പുറ. 4:15).

ഈജിപ്തിൽ കഷ്ടതയിൽ കഴിയുന്ന ഇസ്രായേൽക്കാരെ തേനും പാലുമൊഴുകുന്ന കാനാൻദേശത്തേക്കു നയിക്കാനാണ് ദൈവം മോശയെ വിളിച്ചതും നിയോഗിച്ചതും.

## മോശ ഇസ്രായേലിനെ മോചിപ്പിക്കുന്നു

ദൈവം മോശയിലൂടെ അദ്ഭുതങ്ങൾ പ്രവർത്തിച്ചു. ദൈവത്തിന്റെ ശക്തമായ കരം മോശയോടൊപ്പം ഉണ്ടായിരുന്നു. ദൈവത്തിന്റെ ജനത്തെ വിട്ടയയ്ക്കാൻ മോശ ഈജിപ്തു രാജാവായ ഫറവോയോട് ആവശ്യപ്പെട്ടു. എന്നാൽ ക്രൂരനായ ഫറവോ സമ്മതിച്ചില്ല. മാത്രമല്ല, അയാൾ ഇസ്രായേൽക്കാരുടെ നേർക്കുള്ള പീഡനം ഇരട്ടിയാക്കുകയും ചെയ്തു. എന്നാൽ ദൈവം തന്റെ ജനത്തെ കൈവെടിഞ്ഞില്ല. അവിടന്ന് മോശ വഴി ഒന്നിനു പുറകെ മറ്റൊന്നായി പത്തു ബാധകൾ അയയ്ക്കുകയുണ്ടായി. ഒടുവിൽ മോശ ഇസ്രായേൽക്കാരെ ഈജിപ്തിന്റെ അടിമത്തത്തിൽ നിന്നു മോചിപ്പിച്ച് കാനാൻദേശത്തേക്കു നയിച്ചു.

ഇസ്രായേൽജനത്തെ വാഗ്ദത്തനാടായ കാനാനിലേക്കു നയിക്കാൻ മോശ തന്റെ ജീവിതം മുഴുവൻ ദൈവത്തിനർപ്പിച്ചു. സീനായ് മലയിൽ വച്ച് ദൈവം മോശവഴി ഇസ്രായേൽ ജനവുമായി ഒരു ഉടമ്പടി സ്ഥാപിച്ചു. ഈ ഉടമ്പടിവഴി ഇസ്രായേൽ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനവും ദൈവം ഇസ്രായേലിന്റെ ദൈവവുമായി. തന്റെ ജനമായ ഇസ്രായേലിന് മോശവഴി ദൈവം പത്തുകല്പനകൾ നല്കുകയും ചെയ്തു.

**തന്റെ ജനമായ ഇസ്രായേലിനെ മോചിപ്പിക്കാൻ ദൈവം തിരഞ്ഞെടുത്ത നേതാവാണ് മോശ.**

ഇസ്രായേൽജനം ഈജിപ്തിൽ അടിമത്തം അനുഭവിച്ചിരുന്നതുപോലെ, ഇന്ന് നമ്മുടെ സമൂഹത്തിൽ ജനങ്ങൾ അനുഭവിക്കുന്ന അടിമത്തങ്ങൾ കണ്ടെത്തുക. അവയ്ക്കുള്ള പരിഹാരമാർഗങ്ങൾ നിർദ്ദേശിക്കുക.

**ഈജിപ്തുകാരുടെമേൽ ദൈവം അയച്ച പത്തു ബാധകൾ കണ്ടുപിടിച്ചെഴുതുക:**

1.
2.
3.
4.
5.
6.
7.
8.
9.
10.



## ഉത്തരം കണ്ടെത്താം

1. മോശ എന്ന വാക്കിന്റെ അർത്ഥമെന്ത്?
2. മോശ മിദിയാനിലേക്ക് ഓടിപ്പോയതെന്തുകൊണ്ട്?
3. ദൈവം മോശയെ തിരഞ്ഞെടുത്തതെന്തിന്?
4. മോശയുടെ ജീവിതം നമുക്കു തരുന്ന ഗുണപാഠമെന്ത്?
5. തന്റെ കുറവുകൾ ഏറ്റുപറഞ്ഞ മോശയെ ദൈവം ശക്തിപ്പെടുത്തി. നമ്മുടെ പോരായ്മകൾ നാം എങ്ങനെ പരിഹരിക്കുമെന്നു കണ്ടെത്തുക.
6. നിങ്ങൾ ഏറ്റവുമധികം ഇഷ്ടപ്പെടുന്ന നേതാവാര്? ആ നേതാവിൽ നിങ്ങൾ കാണുന്ന ഗുണങ്ങളേവ?

## നമുക്കു പാടാം



തന്റെ നിയോഗം നടപ്പിലാക്കാൻ
ദൈവം നമ്മെ വിളിക്കുമ്പോൾ
ധീരതയോടെയതേറ്റെടുക്കാൻ
സന്നദ്ധത നാം കാട്ടേണം

ദൈവം നമ്മെ ക്ഷണിക്കുന്നേരം
ഒഴികഴിവാരും പറയരുതേ
നമ്മെ നയിക്കാൻ, വഴികൾ തെളിക്കാൻ
അവിടന്നരുളും കഴിവുകളും




## നമുക്കു ദൈവവചനം ഓർമ്മിക്കാം

"ആകയാൽ നീ പുറപ്പെടുക. സംസാരിക്കാൻ ഞാൻ നിന്നെ സഹായിക്കും" (പുറ. 4:12).

## നമുക്കു പ്രാർത്ഥിക്കാം

സ്നേഹപിതാവായ ദൈവമേ, തെരുവുമക്കളില്ലാത്ത ലോകം രൂപപ്പെടുത്താൻ കനിയണമേ. സ്വാതന്ത്ര്യവും കൂട്ടായ്മയുമുള്ള ഒരു സമൂഹം ക്രമപ്പെടത്താൻ ഞങ്ങളെ സഹായിക്കണമേ.



## നമുക്കു മന:പാഠമാക്കാം

"അനുദിനപ്രവൃത്തികളിൽ എന്റെ പ്രഥമലക്ഷ്യം ദൈവേഷ്ടം നിർവഹിക്കുകയാണ്" - വിശുദ്ധ എലിസബത്ത് ആൻസ്റ്റേൺ.

പാഠം അഞ്ച്

# പുറപ്പാട് സംഭവം

ഈജിപ്തിന്റെ അടിമത്തത്തിൽനിന്ന് ഇസ്രായേൽജനം മോശയുടെ നേതൃത്വത്തിൽ കാനാൻദേശം ലക്ഷ്യമാക്കി യാത്രപുറപ്പെട്ടു. തേനും പാലുമൊഴുകുന്ന സമൃദ്ധിയുടെ നാടാണ് കാനാൻദേശം.



**നമ്മുടെ ജീവിതവും ഒരു തീർത്ഥയാത്രയാണ്:**

അടിമത്തത്തിൽ നിന്ന് സ്വാതന്ത്ര്യത്തിലേക്ക്

പാപത്തിൽ നിന്ന് രക്ഷയിലേക്ക്

അന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേക്ക്

മരണത്തിൽ നിന്ന് ജീവനിലേക്ക്

ഭൗമികജീവിതത്തിൽ നിന്ന് സ്വർഗീയജീവിതത്തിലേക്ക്

## പെസഹാഅനുഭവം

മോശവഴി അയച്ച പത്താമത്തെബാധ ഈജിപ്തുകാരുടെ ആദ്യജാതരെ മരണത്തിനിടയാക്കി. ദൈവത്തിന്റെ സംഹാരദൂതൻ ഈജിപ്തിലുണ്ടായിരുന്ന ഇസ്രായേൽക്കാരുടെ ഭവനങ്ങളിലൂടെ കടന്നുപോയി. ഈജിപ്തുകാരെ വധിക്കുകയും ഇസ്രായേൽക്കാരെ രക്ഷിക്കുകയും ചെയ്തു. ഈജിപ്തിൽനിന്ന് വലിയ നിലവിളികൾ ഉയർന്നു. ഫറവോ രാത്രിയിൽത്തന്നെ മോശയെയും അഹറോനെയും വിളിച്ച് "നിങ്ങൾ എന്റെ ജനത്തിന്റെ ഇടയിൽ നിന്നു പോകുവിൻ" എന്നു പറഞ്ഞു (പുറ. 12:31).

ഈ ദിവസത്തിന്റെ സ്മരണയ്ക്കാണ് പെസഹാആഘോഷം നടത്താൻ ദൈവം ഇസ്രായേലിനോട് ആവശ്യപ്പെട്ടത്. "പെസഹാ" എന്ന വാക്കിന് 'കടന്നുപോകൽ' എന്നാണർത്ഥം.

ഈജിപ്തിന്റെ അടിമത്തത്തിൽ 430 വർഷം പൂർത്തിയാക്കിയ ഇസ്രായേൽജനം മോശയുടെ നേതൃത്വത്തിൽ കാനാൻദേശം ലക്ഷ്യമാക്കി പുറപ്പെട്ടു.

**പുറപ്പാട്സംഭവം ഇസ്രായേൽക്കാരുടെ ദൈവാനുഭവത്തിന്റെയും രൂപീകരണത്തിന്റെയും അടിസ്ഥാന രംഗവേദിയാണ്.**

## ചെങ്കടൽ കടക്കുന്നു

ദൈവം ഇസ്രായേൽക്കാരെ അവരുടെ സുരക്ഷ കരുതി ചെങ്കടലിനു നേരേ നയിച്ചു. ഇസ്രായേൽക്കാർ ഈജിപ്ത് വിട്ടുപോയ വാർത്തയറിഞ്ഞ ഫറവോയാകട്ടെ വലിയൊരു സൈന്യത്തെ സജ്ജമാക്കി അവരെ പിന്തുടർന്നു. ഫറവോയുടെ സൈന്യത്തെക്കണ്ടു ഭയപ്പെട്ട ഇസ്രായേൽ ജനം കർത്താവിനെ വിളിച്ചപേക്ഷിച്ചു. അവർ മോശയോട് കയർക്കാൻ തുടങ്ങി. മോശ ജനത്തെ ധൈര്യപ്പെടുത്തിയശേഷം കർത്താവിനെ വിളിച്ചു പ്രാർത്ഥിച്ചു. കർത്താവ് മോശയോടു പറഞ്ഞു: "നിന്റെ വടി കൈയിലെടുത്ത് കടലിനുമീതേ നീട്ടി അതിനെ വിഭജിക്കുക. ഇസ്രായേൽക്കാർ കടലിനു നടുവേ വരണ്ട നിലത്തിലൂടെ കടന്നുപോകട്ടെ" (പുറ. 14:16). മോശ കടലിനുമീതേ കൈനീട്ടി. വെള്ളം വിഭജിക്കപ്പെട്ടു. കടൽ വരണ്ടഭൂമിയായി. കടലിനുനടുവേ ഉണങ്ങിയമണ്ണിലൂടെ നടന്ന് ഇസ്രായേൽജനം സുരക്ഷിതരായി മറുകരയെത്തി.

ഇസ്രായേൽക്കാരെ പിന്തുടർന്ന ഈജിപ്തുകാർ കടലിനുമദ്ധ്യേ എത്തിയപ്പോൾ കടൽവെള്ളം വീണ്ടും യോജിച്ചു. ഈജിപ്തുകാരാരും അവശേഷിക്കാത്തവിധം കടൽവെള്ളം അവരെ മുക്കിക്കളഞ്ഞു. തങ്ങളെ അദ്ഭുതകരമായി രക്ഷിച്ച ദൈവത്തെ സ്തുതിച്ചുകൊണ്ട് ഇസ്രായേൽക്കാർ ഒരു കീർത്തനമാലപിച്ചു. ഈ കീർത്തനമാണ് 'മോശയുടെ കീർത്തനം' എന്നറിയപ്പെടുന്നത്.

### മാറായിലെ ജലം

ചെങ്കടൽ കടന്നുള്ള ഈ യാത്രയിൽ മൂന്നു ദിവസംവരെ അവർക്ക് കുടിക്കാൻ വെള്ളം കിട്ടിയില്ല. മാറാ എന്ന സ്ഥലത്തുനിന്നു ലഭിച്ച ജലം കയ്പ്പുള്ളതായിരുന്നു. ജനം മോശയ്ക്കെതിരേ വീണ്ടും പിറുപിറുത്തു. മോശ ദൈവത്തെ വിളിച്ചപേക്ഷിച്ചു. അവിടന്ന് ഒരു തടിക്കഷണം കാണിച്ചുകൊടുത്തു. അത് വെള്ളത്തിലിട്ടപ്പോൾ വെള്ളം മധുരിച്ചു (പുറ. 15: 22-27). വെള്ളം കുടിച്ചു തൃപ്തരായ ജനം വീണ്ടും യാത്ര തുടർന്നു.

**മാറാ എന്ന വാക്കിന് 'കയ്പ്പേറിയ' അഥവാ 'കാഠിന്യമുള്ള' എന്നാണർത്ഥം.**

### മന്നായും കാടപ്പക്ഷിയും

ഇസ്രായേൽജനം സീനായ് മരുഭൂമിയിലെത്തി. അവിടെ അവർക്ക് ഭക്ഷണം കിട്ടിയില്ല. ജനത്തിന്റെ കഷ്ടതയിൽ ദൈവം വീണ്ടും ഇടപെട്ടു. ആകാശത്തു നിന്ന് മന്നാ എന്ന അപ്പം വർഷിച്ചും കാടപ്പക്ഷികളെ നല്കിയും ദൈവം ജനത്തെ സംതൃപ്തരാക്കി.

### പാറയിൽ നിന്നു ജലം

സീനായ് മരുഭൂമിയിൽനിന്നു യാത്രചെയ്തുനീങ്ങിയ ജനം റഫിദീം എന്ന സ്ഥലത്ത് പാളയമടിച്ചു. പക്ഷേ, അവിടെ അവർക്ക് കുടിക്കാൻ വെള്ളം കിട്ടിയില്ല. ജനം കലഹിക്കുകയും വിലപിക്കുകയും ചെയ്തു. ജനത്തിന്റെ വിലാപം കേട്ട ദൈവം മോശയോട്, അവിടന്ന് കാണിച്ചുകൊടുത്ത ഒരു പാറമേൽ അടിക്കാൻ പറഞ്ഞു. ആ പാറയിൽനിന്നു കിട്ടിയ വെള്ളംകുടിച്ച് ജനം തൃപ്തരായി. ഇസ്രായേൽക്കാർ ആ സ്ഥലത്തുവച്ച് കലഹിച്ചതിനാലും ദൈവത്തെ അവിശ്വസിച്ചതിനാലും ആ സ്ഥലത്തിന് മെരീബാ എന്നു പേരിട്ടു (പുറ. 17:7).

**മെരീബാ എന്നാൽ 'കലഹം' അഥവാ 'സ്പർദ്ധ' എന്നാണർത്ഥം.**

### സീനായ് ഉടമ്പടി

ഇസ്രായേൽ ജനം സീനായ് മരുഭൂമിയിൽ പ്രവേശിച്ചപ്പോൾ ദൈവം അവരുമായി മോശ വഴി ഒരു ഉടമ്പടി സ്ഥാപിക്കുകയും ഇസ്രായേൽജനത്തെ ദൈവത്തിന്റെ സ്വന്തം ജനമായി ഉയർത്തുകയും ചെയ്തു. കർത്താവു പറഞ്ഞു:

"നിങ്ങൾ എന്റെ വാക്കുകൾ കേൾക്കുകയും എന്റെ ഉടമ്പടി പാലിക്കുകയും ചെയ്താൽ നിങ്ങൾ എല്ലാ ജനങ്ങളിലുംവച്ച് എനിക്ക് ഏറ്റവും പ്രിയപ്പെട്ട സ്വന്തംജനമായിരിക്കും" (പുറ 19:5).

ദൈവവുമായുള്ള ഉടമ്പടി സംബന്ധിച്ച് മോശ ജനത്തോടു പറഞ്ഞു. കർത്താവു കല്പിച്ച കാര്യങ്ങളെല്ലാം തങ്ങൾ ചെയ്യുമെന്ന് അവർ ഏകസ്വരത്തിൽ മറുപടി പറഞ്ഞു (പുറ. 24:3).



**ഉടമ്പടിയനുസരിച്ചു ജീവിക്കാൻ ദൈവം അവർക്കു പത്തുപ്രമാണങ്ങൾ നല്കി. ദൈവത്തെ ആരാധിക്കാനും നീതിയിൽ ഉറച്ചുനിന്ന് സഹജീവികളെ സംരക്ഷിക്കാനും പത്തുകല്പനകൾ നമ്മെ ഓർമ്മപ്പെടുത്തുന്നു.**

**സീനായ് ഉടമ്പടി രണ്ടു കാര്യങ്ങൾ വ്യക്തമാക്കുന്നു:**

1. **ഈജിപ്തിൽ നിന്നു കൊണ്ടുവന്ന ജനത്തെ സുരക്ഷിതരായി കാനാൻദേശത്തെത്തിക്കാനുള്ള ദൈവത്തിന്റെ കരുതൽ.**
2. **ദൈവപ്രമാണങ്ങൾ അനുസരിച്ചു ജീവിക്കാനുള്ള ദൈവജനത്തിന്റെ കടമ.**

ഇസ്രായേൽജനം ദൈവത്തിന്റെ തിരഞ്ഞെടുപ്പിലൂടെയും ഉടമ്പടിയിലൂടെയും ദൈവജനമായവരാണ്. ഉടമ്പടി ലംഘിക്കുമ്പോഴെല്ലാം ദൈവജനമെന്ന പദവി അവർക്കു നഷ്ടമാകുന്നു. ഈ പദവി അവർക്കു കിട്ടിയ ദാനവും ദൗത്യവുമാണ്.

**മനുഷ്യരക്ഷ സംബന്ധിച്ച ദൈവത്തിന്റെ പദ്ധതികളാണ് ദൈവവും മനുഷ്യനും തമ്മിലുള്ള ഉടമ്പടിയുടെ പശ്ചാത്തലം. ബലഹീനരായ ഇസ്രായേൽജനത്തെ ശക്തിപ്പെടുത്തുക എന്നതാണ് ഈ ഉടമ്പടിയുടെ ലക്ഷ്യം.**

ഇസ്രായേൽക്കാരുടെ അപകടങ്ങളും പ്രയാസങ്ങളും നിറഞ്ഞയാത്ര കൂട്ടായ്മയുടെ പ്രതീകമാണ്. അവർ പരസ്പരം സ്നേഹിച്ചും സംരക്ഷിച്ചും ദൈവത്തെ സ്തുതിച്ചും കഴിഞ്ഞിരുന്നു. ദൈവം തന്റെ ജനത്തോടുള്ള സ്നേഹം വ്യത്യസ്തസാഹചര്യങ്ങളിൽ പ്രകടമാക്കി. അപകടസമയങ്ങളിൽ അവിടന്ന് അവർക്ക് ധൈര്യംപകർന്നു. രാത്രി അഗ്നിസ്തംഭമായും പകൽ മേഘത്തൂണായും പ്രകൃതിയിലെ വ്യത്യസ്തഭാവങ്ങളിലൂടെയും അവിടന്ന് അവരെ നയിച്ചു. തന്റെ മക്കളുടെ കാര്യത്തിൽ സദാ കരുതലുള്ളവനാണ് ദൈവം. നമ്മുടെ ജീവിതയാത്രയിൽ അവിടന്ന് നമ്മോടൊപ്പമുണ്ട്.

**കണ്ടുപിടിച്ചെഴുതുക:**

ഈജിപ്തിൽ നിന്ന് കാനാൻദേശത്തേക്കുള്ള യാത്രയിൽ ഇസ്രായേൽക്കാർക്കുവേണ്ടി ദൈവം പ്രവർത്തിച്ച അദ്ഭുതങ്ങൾ.



**ചർച്ച ചെയ്യുക**

കർത്താവ് ജനത്തോടുകൂടെ - പുറപ്പാട് 33:12-17.

## നമുക്ക് ഉത്തരം കണ്ടെത്താം

1. പെസഹാ എന്ന വാക്കിന്റെ അർത്ഥമെന്ത്? എന്തിനാണ് പെസഹാ ആഘോഷിക്കുന്നത്?
2. ചെങ്കടലിലൂടെയുള്ള യാത്രയിൽ ദൈവം ഇസ്രായേൽക്കാരെ രക്ഷിച്ചതെങ്ങനെ?
3. സീനായ് മരുഭൂമിയിൽവച്ച് ദൈവം ജനങ്ങളെ തൃപ്തരാക്കിയതെങ്ങനെ?
4. എന്തിനാണ് ദൈവം ഇസ്രായേൽക്കാർക്ക് പത്തുകല്പനകൾ നല്കിയത്?
5. പുറപ്പാട്സംഭവം ദൈവത്തിന് തന്റെ ജനത്തോടുള്ള കരുതലിനെ കാണിക്കുന്നു; വ്യക്തമാക്കുക.

## നമുക്കു പാടാം



ജീവിതം ഒരു തീർത്ഥയാത്ര - ഇതിൽ
ദൈവം നമ്മുടെ വഴികാട്ടി
അഗ്നിസ്തംഭമായ്, മേഘത്തൂണായ്
അവിടന്നു നമ്മെ നയിക്കും

ക്ലേശങ്ങളൊത്തിരി പിന്തുടർന്നാലും
അവിടന്നു ശക്തി പകർന്നുതരും
തേനും പാലും ഒഴുകുംകാനാൻ -
ദേശത്തു നമ്മെയണയ്ക്കും.

## നമുക്കു പ്രാർത്ഥിക്കാം



ദൈവമേ, അശാന്തിയുടെയും കലഹത്തിന്റെയും ബന്ധനങ്ങളിൽനിന്ന് ഞങ്ങളെ ശാന്തിയിലേക്കും കൂട്ടായ്മയിലേക്കും നയിക്കണമേ.

## നമുക്കു ദൈവവചനം ഓർമ്മിക്കാം



“കർത്താവ് എന്റെ ശക്തിയും സംരക്ഷകനുമാകുന്നു; അവിടന്ന് എനിക്ക് രക്ഷയായി ഭവിച്ചിരിക്കുന്നു. അവിടന്നാണ് എന്റെ ദൈവം; ഞാൻ അവിടത്തെ സ്തുതിക്കും” (പുറ. 15:2).

## നമുക്കു മന:പാഠമാക്കാം

“നിനക്ക് ഇഷ്ടമുള്ളിടത്തേക്കു പോകാം. ഇഷ്ടമുള്ളത് അന്വേഷിക്കാം. എന്നാൽ കുരിശിന്റെ വഴിയെക്കാൾ ദിവ്യമായ ഒരു മാർഗം ഒരിടത്തുമില്ല” (ക്രിസ്താനുകരണം-തോമസ് അക്കെമ്പിസ്).

പാഠം ആറ്

# ദാവീദ് രാജാവ്

ദാവീദ് എന്നു പേരുള്ള ഒരു ഇടയബാലനുണ്ടായിരുന്നു. ബേത്ലെഹേംകാരനായ ജെസ്സെയായിരുന്നു അവന്റെ പിതാവ്. ദാവീദ് ദൈവഭയമുള്ളവനും കിന്നരം വായനയിൽ നിപുണനും നല്ലൊരു യോദ്ധാവും വാക്ചാതുര്യമുള്ളവനും കോമളനുമായിരുന്നു (1 സാമു. 16:18).




ആയിടയ്ക്കാണ് ഫിലിസ്ത്യർ ഇസ്രായേലുമായി യുദ്ധത്തിനു വന്നത്. ഫിലിസ്ത്യരിൽ മല്ലയുദ്ധപ്രവീണനായ ഗോലിയാത്ത് ഇസ്രായേൽക്കാരെ യുദ്ധത്തിനു വെല്ലുവിളിക്കുകയും ഇസ്രായേലിന്റെ ദൈവത്തെ നിന്ദിക്കുകയും ചെയ്തു. ഗോലിയാത്തിന്റെ വാക്കുകൾകേട്ട് രാജാവ് സാവൂളും ഇസ്രായേല്യരും ഭയവിവശരായി. എന്നാൽ ദാവീദ് തന്റെ കവണയും കല്ലുമെടുത്ത് യുദ്ധക്കളത്തിലെത്തി. ജനങ്ങളെല്ലാം നോക്കിനില്ക്കേ, ദൈവത്തെ വിളിച്ചപേക്ഷിച്ചുകൊണ്ട് അവൻ ഗോലിയാത്തിനെ നേരിട്ടു. ദാവീദിന്റെ കവണയിൽ നിന്നുള്ള ഏറു കൊണ്ട് നിലംപൊത്തിയ ഗോലിയാത്തിനെ അവൻ വാളിനിരയാക്കി. ഇതറിഞ്ഞ സാവൂളിന് ദാവീദിനോട് അസൂയ തോന്നി. ദാവീദിനെ വധിക്കാൻ സാവൂൾ ആഗ്രഹിച്ചു. എന്നാൽ ദൈവകരം ദാവീദിനെ സംരക്ഷിച്ചു. സാവൂൾ ദൈവത്തിന്റെ അഭിഷിക്തനായതിനാൽ അദ്ദേഹത്തോടു പ്രതികാരം ചെയ്യാൻ ദാവീദ് ആഗ്രഹിച്ചില്ല.

"സാവൂൾ ആയിരങ്ങളെ കൊന്നു; ദാവീദ് പതിനായിരങ്ങളെയും" (1 സാമു.18:7).

ഗോലിയാത്തിനെ വധിച്ച ദാവീദിനെ ജനം പാടിപ്പുകഴ്ത്തി.

ജോഷ്വായുടെ നേതൃത്വത്തിൽ കാനാനിലെത്തിയ ഇസ്രായേൽജനം അവിടെ താമസമുറപ്പിച്ചു. ജോഷ്വായുടെ മരണശേഷം ന്യായാധിപന്മാരാണ് അവരെ നയിച്ചത്. നീതിബോധമുള്ളവരും ദൈവഭയമുള്ളവരുമായിരുന്നു ന്യായാധിപന്മാർ. ദൈവകല്പനകൾക്കനുസൃതമായി അവർ ജനത്തെ നയിച്ചു. ദെബോറ, ഗിദയോൺ, ജെഫ്ത്താ, സാംസൺ, സാമൂവൽ തുടങ്ങിയ ന്യായാധിപന്മാരായിരുന്നു ഇവരിൽ പ്രമുഖർ. സാമുവലായിരുന്നു അവസാനത്തെ ന്യായാധിപൻ.



എന്നാൽ ന്യായാധിപന്മാരുടെ ഭരണത്തിൽ ജനം സംതൃപ്തരായിരുന്നില്ല. അയൽ രാജ്യങ്ങൾക്കുള്ളതുപോലെ, തങ്ങൾക്കും ഒരു രാജാവിനെ വേണമെന്ന് അവർ സാമുവലിനോട് ആവശ്യപ്പെട്ടു. സാമുവൽ അവരുടെ അപേക്ഷ നിരസിച്ചില്ല. സാമുവൽ ദൈവഹിതം ആരാഞ്ഞു. എന്നാൽ ജനം നിർബന്ധംപിടിച്ചു. ഒടുവിൽ ദൈവം സാമൂവലിനോടു പറഞ്ഞു: "ജനം പറയുന്നതു കേൾക്കുക. അവർ നിന്നെയല്ല, തങ്ങളുടെ രാജാവായ എന്നെയാണ് തിരസ്കരിച്ചിരിക്കുന്നത്" (1 സാമു. 8:7).

എന്നാൽ ജനം തങ്ങളുടെ ആവശ്യത്തിൽ ഉറച്ചുനിന്നു. ഒടുവിൽ ദൈവം പറഞ്ഞു: "അവരുടെ വാക്കനുസരിച്ച് അവർക്ക് ഒരു രാജാവിനെ വാഴിച്ചുകൊടുക്കുക" (1 സാമു. 8:20-21).

തുടർന്ന് സാമുവൽ, സാവൂളിനെ ഇസ്രായേലിന്റെ ആദ്യത്തെ രാജാവായി അഭിഷേകം ചെയ്തു. അങ്ങനെയാണ് ഇസ്രായേലിൽ രാജഭരണമുണ്ടായത്. ദൈവകല്പന അനുസരിച്ച് ജനത്തെ ഭരിക്കാൻ കൂട്ടാക്കാതിരുന്ന സാവൂൾ അവിടത്തേക്ക് സ്വീകാര്യനായിരുന്നില്ല.

കുറെകാലങ്ങൾക്കുശേഷം സാവൂൾരാജാവ് യുദ്ധത്തിൽ കൊല്ലപ്പെട്ടു. അപ്പോൾ ദാവീദ് ഇസ്രായേലിന്റെ രാജാവായി അഭിഷിക്തനായി. ദൈവഭയമുള്ളവനായിരുന്ന ദാവീദ് രാജാവ് തന്റെ ഭരണത്തിലൂടെ ഇസ്രായേലിനെ സമൃദ്ധിയിലേക്കു നയിച്ചു. ദൈവം ദാവീദിൽ സംപ്രീതനായി.

എന്നാൽ, ഒരിക്കൽ ദാവീദ് ഒരു വലിയ പാപത്തിൽ അകപ്പെട്ടു. രാജ്യത്തിന്റെ പടയാളിയായ ഊറിയായെ യുദ്ധക്കളത്തിൽവച്ച് ചതിയിൽ കൊല്ലുകയും അദ്ദേഹത്തിന്റെ സുന്ദരിയായ ഭാര്യ ബെത്ഷേബായെ സ്വന്തമാക്കുകയും ചെയതു. ദാവീദിന്റെ തെറ്റ് അതീവരഹസ്യ മായിരുന്നതിനാൽ ആരുംതന്നെ അത് അറിഞ്ഞിരുന്നില്ല. എന്നാൽ എല്ലാം കാണുകയും അറിയുകയും ചെയ്യുന്ന ദൈവം അതു കണ്ടു. ദാവീദിന്റെ തെറ്റ് ചൂണ്ടിക്കാണിക്കാനും അവനെ മാനസാന്തരത്തിലേക്കു നയിക്കാനും ദൈവം നാഥാൻ പ്രവാചകനെ ദാവീദിന്റെ അടുക്കലേക്ക യച്ചു. നാഥാന്റെ വാക്കുകൾ കേട്ട് താൻ ചെയ്ത തെറ്റിന്റെ ഗൗരവം മനസ്സിലാക്കിയ ദാവീദ് അനുതപിച്ചു കരഞ്ഞു. അലിവ് തോന്നിയ ദൈവം ദാവീദിനോട് ക്ഷമിച്ചു.

**തെറ്റ് മാനുഷികമാണ്; ക്ഷമിക്കുന്നത് ദൈവികവും.**
**പശ്ചാത്തപിക്കുന്നവരോട് ദൈവം ക്ഷമിക്കുന്നു.**

പിന്നീടുള്ള ജീവിതംമുഴുവൻ ദാവീദ് ദൈവത്തോട് വിശ്വസ്തത പുലർത്തുകയും ഇസ്രായേലിനെ ദൈവഹിതപ്രകാരം നയിക്കുകയും ചെയ്തു.

**ദാവീദ് എന്ന വാക്കിന് 'പ്രിയപ്പെട്ടവൻ' എന്നാണർത്ഥം.**

**ദാവീദ് ദൈവത്തിനു പ്രിയപ്പെട്ടവനായിരുന്നു. രാജാവായ ദാവീദ് ഇസ്രായേൽജനതയെ 40 വർഷം ഭരിച്ചു. ദാവീദ് ധാരാളം സങ്കീർത്തനങ്ങൾ രചിച്ചു. ദാവീദിന്റെ വംശത്തിൽ നിന്നാണ് മിശിഹാ പിറന്നത്.**

## ഉത്തരം കണ്ടെത്താം

1. ജോഷ്വായ്ക്കുശേഷം ഇസ്രായേലിനെ ആരാണു നയിച്ചത്?
2. ആരെല്ലാമാണ് ഇസ്രായേലിന്റെ പ്രമുഖരായ ന്യായാധിപന്മാർ?
3. രാജാവിനുവേണ്ടി മുറവിളികൂട്ടിയ ജനത്തോട് ദൈവം എന്താണു പറഞ്ഞത്?
4. നാഥാൻ പ്രവാചകൻ ദാവീദിനെ കുറ്റപ്പെടുത്തിയതെന്തുകൊണ്ട്?
5. ദൈവം എന്തുകൊണ്ടാണ് ദാവീദിനോടു ക്ഷമിച്ചത്?

## റോൾ പ്ലേ

നാഥാൻ പ്രവാചകനും ദാവീദും തമ്മിലുള്ള കൂടിക്കാഴ്ച നാടകരൂപത്തിൽ അവതരിപ്പിച്ച് സന്ദേശം വ്യക്തമാക്കുക (2 സാമു. 12).

## നമുക്കു പാടാം



ദൈവത്തിൽ നിന്നേറെ നന്മകൾ നേടീട്ടും
ദാവീദു സർവം മറന്നു
ദൈവകാരുണ്യത്താൽ രാജാവായ്ത്തീർന്നിട്ടും
ഘോരമാം പാപങ്ങൾ ചെയ്തു

എങ്കിലും പാപങ്ങളേറ്റുപറഞ്ഞപ്പോൾ
ദൈവമതെല്ലാം ക്ഷമിച്ചു
പശ്ചാത്താപത്താലും പ്രായശ്ചിത്തത്താലും
ദൈവത്തെ സംപ്രീതനാക്കാം.



## നമുക്കു ദൈവവചനം ഓർമ്മിക്കാം

നാഥാൻ ദാവീദിനോടു പറഞ്ഞു: "ആ മനുഷ്യൻ നീ തന്നെ" (2 സാമു. 12:7).

## നമുക്കു പ്രാർത്ഥിക്കാം

ദൈവമേ, തെറ്റിൽ വീഴാൻ ഇടയായാൽ പശ്ചാത്തപിച്ച് അങ്ങിലേക്കുതിരിയാൻ ഞങ്ങളെ സഹായിക്കണമേ.



## നമുക്കു പ്രതിജ്ഞയെടുക്കാം

മറ്റുള്ളവരെ ഉപദ്രവിക്കുന്ന ഒരു കുട്ടിയെ നന്മയിലേക്കു നയിക്കാൻ ആവുംവിധം യത്നിക്കും.

**നമുക്കു മന:പാഠമാക്കാം**

"കർത്താവാണ് എന്റെ ഇടയൻ;
എനിക്കൊന്നിനും കുറവുണ്ടാകുകയില്ല.
പച്ചയായ പുൽത്തകിടിയിൽ
അവിടന്ന് എനിക്ക് വിശ്രമമരുളുന്നു;
പ്രശാന്തമായ ജലാശയത്തിലേക്ക്
അവിടന്ന് എന്നെ നയിക്കുന്നു...
അവിടന്ന് എനിക്ക് ഉന്മേഷം നല്കുന്നു;
തന്റെ നാമത്തെപ്രതി നീതിയുടെ
പാതയിൽ എന്നെ നയിക്കുന്നു.
മരണത്തിന്റെ നിഴൽവീണ
താഴ്‌വരയിലൂടെയാണ്
ഞാൻ നടക്കുന്നതെങ്കിലും,
അവിടന്ന് കൂടെയുള്ളതിനാൽ
ഞാൻ ഭയപ്പെടുകയില്ല;
അങ്ങയുടെ ഊന്നുവടിയും ദണ്ഡും
എനിക്ക് ഉറപ്പേകുന്നു.
എന്റെ ശത്രുക്കളുടെ മുമ്പിൽ
അവിടന്ന് എനിക്കു വിരുന്നൊരുക്കുന്നു;
എന്റെ ശിരസ്സ് തൈലം കൊണ്ട്
അഭിഷേകം ചെയ്യുന്നു;
എന്റെ പാനപാത്രം കവിഞ്ഞൊഴുകുന്നു.
അവിടത്തെ നന്മയും കരുണയും
ജീവിതകാലം മുഴുവൻ എന്നെ അനുഗമിക്കും;
കർത്താവിന്റെ ആലയത്തിൽ
ഞാൻ എന്നേക്കും വസിക്കും" (സങ്കീ. 23).

പാഠം ഏഴ്

# സോളമൻ

ദാവീദുരാജാവിന്റെ പുത്രനായ സോളമൻ ഇസ്രായേലിലെ ജ്ഞാനിയായ രാജാവായിരുന്നു. ദാവീദുരാജാവിന് ബത്ഷേബായിൽ ജനിച്ച രണ്ടാമത്തെ പുത്രനായിരുന്നു അദ്ദേഹം.


**സോളമൻ എന്ന വാക്കിന് 'സമാധാനം' എന്നാണർത്ഥം.**
**ഇത് ഹെബ്രായഭാഷയിലെ 'ശാലോം' എന്ന വാക്കിൽനിന്നു വരുന്നു.**

സോളമൻ ബത്ഷേബായിൽ നിന്നുള്ള പുത്രനാകയാൽ, ആദ്യജാതനല്ലാതിരുന്നിട്ടും, ദാവീദ് അദ്ദേഹത്തെ തന്റെ പിൻഗാമിയാക്കി. ദാവീദിന്റെ മരണശേഷം സോളമൻ ഇസ്രായേലിലെ രാജാവായി. നാല്പതുവർഷമായിരുന്നു സോളമന്റെ ഭരണകാലം.

ശത്രുക്കളെയെല്ലാം നിർമ്മാർജ്ജനംചെയ്ത സോളമൻ രാജ്യഭരണം സുസ്ഥിരമാക്കി (1 രാജാ.2:13-46). സോളമന്റെ ഭരണത്തിൽ രാജ്യം സമ്പദ്സമൃദ്ധമായിത്തീർന്നു. ഐശ്വര്യവും സമാധാനവും സുരക്ഷിതത്വബോധവും എങ്ങും നിറഞ്ഞു.

എന്നാൽ, ജനങ്ങളുടെമേൽ ഭാരിച്ച നികുതികെട്ടിവച്ചതും കഠിനവേലകൾ അടിച്ചേല്പിച്ചതും അവരെ അതൃപ്തരാക്കിയിരുന്നു.

**നേതാവ് ജനഹിതമറിഞ്ഞു പ്രവർത്തിക്കണം.**



### ജറുസലേം ദൈവാലയം

ജറുസലേം ദൈവാലയവും കൊട്ടാര നിർമ്മാണവുമായിരുന്നു സോളമന്റെ കാലത്തെ രണ്ടു പ്രധാനസംഭവങ്ങൾ. ദൈവത്തിന് സുന്ദരമായൊരു ആലയം പണിയണമെന്നത് ദാവീദുരാജാവിന്റെ ഏറ്റവും വലിയ ആഗ്രഹ മായിരുന്നെങ്കിലും അദ്ദേഹത്തിന് അതു കഴിഞ്ഞില്ല. ദാവീദിന്റെ

ആഗ്രഹം സോളമൻ നിറവേറ്റി. സോളമൻരാജാവ് പണിത ജറുസലേം ദൈവാലയം ഇസ്രായേലിന്റെ പ്രധാന ആരാധനാകേന്ദ്രമായിത്തീർന്നു.

**നേതാവ് ദൈവത്തിന്റെ രാജ്യവും**
**അവിടത്തെ നീതിയും ആദ്യം അന്വേഷിക്കണം.**

## സോളമന്റെ ജ്ഞാനം

ഒരിക്കൽ സോളമൻ രാജാവ് ബലിയർപ്പിക്കാൻ ഗിബയോനിലേക്കു പോയി. അവിടെവച്ച് രാത്രി കർത്താവ് സോളമന് സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ടു (1 രാജാ. 3:4-9). "നിനക്ക് എന്തു വേണ"മെന്ന് ചോദിച്ചു. സോളമൻ പറഞ്ഞു: "നന്മയും തിന്മയും വിവേചിച്ചറിഞ്ഞ് അങ്ങയുടെ ജനത്തെ ഭരിക്കാൻ പോരുന്ന വിവേകം ഈ ദാസനു നല്കിയാലും" (1 രാജാ. 3:9).

**വിജ്ഞാനത്തോടും വിവേകത്തോടും കൂടെയായിരിക്കണം**
**നേതാവ് തന്റെ ജനത്തെ നയിക്കേണ്ടത്.**

സോളമന്റെ ഈ നിസ്വാർത്ഥമായ പ്രാർത്ഥനയിൽ സംപ്രീതനായ ദൈവം നിരവധി ദാനങ്ങൾ അദ്ദേഹത്തിനു നല്കി. വിജ്ഞാനവും വിവേകവും സമ്പത്തും മഹത്ത്വവും നല്കി ദൈവം അദ്ദേഹത്തെ അനുഗ്രഹിച്ചു (1 രാജാ. 3:16-28). വിവിധദേശങ്ങളിൽനിന്നുള്ള ജ്ഞാനികൾ സോളമന്റെ സദസ്സിനെ അലങ്കരിച്ചിരുന്നു. വിജ്ഞാനത്തിനു പേരുകേട്ട ഷേബാരാജ്ഞി സോളമന്റെ വിജ്ഞാനം പരീക്ഷിക്കാൻ അദ്ദേഹത്തെ സന്ദർശിച്ചു. സോളമന്റെ ആഴമേറിയ ജ്ഞാനത്തിൽ അദ്ഭുതപ്പെട്ടു (1 രാജാ. 10). സോളമന്റെ ജ്ഞാനം ഗ്രഹിച്ച് വിജാതീയർപോലും ഇസ്രായേലിന്റെ ദൈവത്തെ പുകഴ്ത്തി.

**"ജ്ഞാനി സ്വജനമദ്ധ്യേ ആദരം നേടും;**
**അവന്റെ നാമം അനശ്വരമാകും"**
**(പ്രഭാ. 37:26).**

മൂവായിരം സുഭാഷിതങ്ങളും ആയിരത്തിയഞ്ച് കീർത്തനങ്ങളും അദ്ദേഹം രചിച്ചതായി വിശുദ്ധഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു (1 രാജാ. 4:32).
ഉത്തമഗീതം, സുഭാഷിതങ്ങൾ, ജ്ഞാനം, സഭാപ്രസംഗകൻ തുടങ്ങിയ പഴയനിയമ പുസ്തകങ്ങളുടെ കർത്താവ് സോളമനാണ് എന്നു കരുതപ്പെടുന്നു.

**സർവജ്ഞാനവും കർത്താവിൽ നിന്നുവരുന്നു;**
**അത് എന്നേക്കും അവിടത്തോടുകൂടെയാണ് (പ്രഭാ. 1:1).**

## സോളമന്റെ പതനം

വിജ്ഞാനിയും ദൈവഭക്തനുമായിരുന്നെങ്കിലും സോളമനും ദൈവതിരുമുമ്പിൽ പാപം ചെയ്തു.

വിദേശരാജ്യങ്ങളുമായി സമാധാനത്തിലും സൗഹൃദത്തിലുമാണ് സോളമൻ കഴിഞ്ഞിരുന്നത്. അവരുമായി അദ്ദേഹം വാണിജ്യബന്ധങ്ങളിലേർപ്പെട്ടു. നയതന്ത്രബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി അനേകം വിദേശവനിതകളെ അദ്ദേഹം ഭാര്യമാരാക്കി (1 രാജാ. 11:1-3). തന്റെ വിദേശഭാര്യമാരെ സംതൃപ്തരാക്കാൻ അന്യദേവന്മാർക്ക് ജറുസലേമിൽ ആരാധനാലയങ്ങളും ബലിപീഠങ്ങളും സ്ഥാപിച്ചുകൊടുത്ത സോളമൻ വിഗ്രഹാരാധകനായി മാറി. ദൈവത്തോടു ചെയ്ത ഈ അവിശ്വസ്തതയ്ക്കു ശിക്ഷയായി സോളമന്റെ മരണശേഷം ഇസ്രായേൽരാജ്യം രണ്ടായി വിഭജിക്കപ്പെട്ടു.

**നേതാക്കന്മാരുടെ അവിശ്വസ്തത സമൂഹത്തെ ഭിന്നിപ്പിക്കുന്നു.**

സമ്പത്തിനെക്കാളും സ്ഥാനമാനങ്ങളെക്കാളും നാം വിലമതിക്കേണ്ടത് ദൈവികജ്ഞാനത്തെയാണ്. ദൈവികനീതിയെയും അവിടത്തെ രാജ്യത്തെയും അന്വേഷിക്കുന്നവന് ദൈവം എല്ലാം നല്കുന്നു. വിജ്ഞാനിയും വിവേകിയുമായിരുന്നാലും സൂക്ഷിച്ചില്ലെങ്കിൽ അടിപതറിപ്പോകും. ദൈവത്തോടുള്ള വിശ്വസ്തതയാണ് പ്രധാനം. അവിടത്തെ രാജ്യവും നീതിയും ആദ്യം അന്വേഷിക്കണം.

**നാടകരൂപത്തിൽ അവതരിപ്പിക്കുക:**

സോളമന്റെ നീതിബോധം - 1 രാജാ. 3:16-28.

## കുറിപ്പെഴുതുക:

വിജ്ഞാനിയായ സോളമന്റെ ജീവിതപതനം നമുക്കു തരുന്ന പാഠം



**നമുക്ക് ഉത്തരം കണ്ടെത്താം**

1. സോളമൻ ദാവീദിന്റെ പിൻഗാമിയാകാൻ കാരണമെന്ത്?
2. സോളമൻ ജ്ഞാനം ആർജ്ജിച്ചതെങ്ങനെ?
3. സോളമൻ എന്ന വാക്കിന്റെ അർത്ഥമെന്ത്?
4. സോളമന്റെ പേരിൽ അറിയപ്പെടുന്ന വിജ്ഞാനഗ്രന്ഥങ്ങൾ ഏവ?
5. ഐശ്വര്യപൂർണമായിരുന്നെങ്കിലും സോളമന്റെ ഭരണം ജനങ്ങളെ അതൃപ്തരാക്കാനുണ്ടായ കാരണമെന്ത്?

## നമുക്കു പാടാം



ജ്ഞാനത്തിൻ സ്രോതസ്സു ദൈവഭയമത്രേ
ജ്ഞാനികൾ കർത്താവിലാശ്രയിക്കും
ജ്ഞാനിയാണെങ്കിലും ദൈവത്തെ കൈവിട്ടാൽ
സർവവിജ്ഞാനവും വ്യർത്ഥമാകും

സമ്പത്തിനെക്കാളും സ്ഥാനങ്ങളെക്കാളും
മൂല്യവത്താകുന്നു ജ്ഞാനമെന്നും
എന്നാലും ദൈവത്തിൽ നിന്നകന്നീടുകിൽ
ഏതു വിജ്ഞാനിയും വീണടിയും!



## ദൈവവചനം ഓർമ്മിക്കാം

"കർത്താവിനോടുള്ള ഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു." (പ്രഭാ.1:14).

## നമുക്കു പ്രാർത്ഥിക്കാം



ദൈവമേ, നന്മതിന്മകൾ തിരിച്ചറിഞ്ഞു പ്രവർത്തിക്കാനുള്ള വിവേകം നല്കി ഞങ്ങളെ അനുഗ്രഹിക്കണമേ.

## നമുക്കു മന:പാഠമാക്കാം

ചിലർ വിജ്ഞാനം വിജ്ഞാനത്തിനുവേണ്ടി സമ്പാദിക്കുന്നു. അത് ലജ്ജാവഹമായ കൗതുകമാണ്. ചിലർ പ്രശസ്തിക്കുവേണ്ടി വിജ്ഞാനം തേടുന്നു. അത് മായാസ്തുതിയാണ്. ലജ്ജാവഹമാണ്. ധനമോ ഔന്നത്യമോ പ്രാപിക്കാൻ വേണ്ടി ചിലർ ജ്ഞാനം സമാർജ്ജിക്കുന്നു. അത് ബഹുമാന്യമല്ലാത്ത അദ്ധ്വാനമാണ്. അന്യരെ പഠിപ്പിക്കാൻ ചിലർ വിജ്ഞാനം തേടുന്നു; അത് ഉപവിയാണ്. വേറെ ചിലർ സ്വന്തം അഭിവൃദ്ധിക്കുവേണ്ടി വിജ്ഞാനം കരസ്ഥമാക്കുന്നു; അതു വിവേകമാണ്" (വിശുദ്ധ ബെർണാർഡ്).

പാഠം എട്ട്

# പ്രവാചകന്മാർ

ഈജിപ്തിന്റെ അടിമത്തത്തിൽ പലവിധ ക്ലേശങ്ങളിലുംപെട്ട ഇസ്രായേൽജനം നെടുവീർപ്പിട്ടു കരഞ്ഞു. അവരുടെ വിലാപം ദൈവം കേട്ടു.

"ഈജിപ്തിലുള്ള എന്റെ ജനത്തിന്റെ ക്ലേശങ്ങൾ ഞാൻ കണ്ടു. മേല്നോട്ടക്കാരുടെ ക്രൂരത കാരണം അവരിൽ നിന്ന് ഉയർന്നുവരുന്ന രോദനം ഞാൻ കേട്ടു. അവരുടെ യാതനകൾ ഞാൻ അറിയുന്നു" (പുറ. 3:7).

ദൈവം തന്റെ മക്കളുടെ ക്ലേശങ്ങൾ കാണുന്നു. അവിടന്ന് അവരുടെ കരച്ചിൽ കേൾക്കുന്നു. അവരുടെ യാതനകൾ അവിടന്ന് അറിയുന്നു.



**ദൈവജനത്തിന്റെ ക്ലേശങ്ങളിലും നൊമ്പരങ്ങളിലും അവരുടെ വീഴ്ചകളിലും അബദ്ധങ്ങളിലും ദൈവം ഇടപെടുന്നു. ജനങ്ങളുടെ അടുത്തുവന്ന് അവരെ ദൈവഹിതം അറിയിക്കാനും ആശ്വസിപ്പിക്കാനും തെറ്റുതിരുത്തി ദൈവത്തിങ്കലേക്ക് കൈപിടിച്ചു നടത്താനും വേണ്ടി ദൈവം ചില പ്രത്യേകവ്യക്തികളെ നിയോഗിക്കുന്നു. അവരാണ് പ്രവാചകന്മാർ.**

**പ്രവാചകൻ:**

**ദൈവത്താൽ വിളിക്കപ്പെട്ടവനാണ്.**

**ദൈവത്താൽ ജനമദ്ധ്യത്തിലേക്ക് അയയ്ക്കപ്പെട്ടവനാണ്.**

**മനുഷ്യരുടെ ഇടയിലുള്ള ദൈവത്തിന്റെ പ്രതിനിധിയാണ്.**

**ദൈവത്തിനുവേണ്ടി സംസാരിക്കുന്നവനാണ്.**

**ദൈവഹിതം അറിയുകയും അറിയിക്കുകയും ചെയ്യുന്നവനാണ്.**

**ദൈവദർശനമുള്ളവനാണ്.**

ഹീബ്രു ഭാഷയിലെ 'നബി' എന്ന പദത്തിൽ നിന്നാണ് 'പ്രവാചകൻ' എന്ന വാക്കു വരുന്നത്. 'നബു' എന്ന ധാതുവിന് 'തിളച്ചുകൊണ്ടിരിക്കുക' എന്നാണർത്ഥം. പ്രവാചകൻ ദൈവസ്നേഹത്തെപ്രതി തിളച്ചുകൊണ്ടിരിക്കുന്നവനാണ്. ഏലിയാ പറഞ്ഞു: "സൈന്യങ്ങളുടെ ദൈവമായ കർത്താവിനെപ്രതിയുള്ള തീക്ഷ്ണതയാൽ ഞാൻ ജ്വലിക്കുകയാണ്" (1 രാജാ. 19:10).

ഇസ്രായേൽ ദൈവത്തിന്റെജനമാണ്. ദൈവവുമായുള്ള ഉടമ്പടിബന്ധം അവർ വിശ്വസ്തതയോടെ പാലിക്കണം.

ഈ ലോകവും അതിലെ ജീവജാലങ്ങളും ദൈവത്തിന്റേതാണ്. ഈ ഭൂമിയും അതിലെ വിഭവങ്ങളും ദൈവം തന്റെ മക്കൾക്കെല്ലാവർക്കുമായി നല്കിയിരിക്കുന്നു.

എന്നാൽ, മനുഷ്യന്റെ അതിമോഹം തിന്മകൾക്കു കാരണമാകുന്നു. അവരുടെ ആവശ്യങ്ങൾ ആർഭാടമായി മാറുന്നു. അവർ ദൈവത്തെയും സഹോദരങ്ങളെയും മറന്ന് സമ്പത്തിന്റെയും അധികാരത്തിന്റെയും പിന്നാലേ പോകുന്നു. കച്ചവടമനഃസ്ഥിതിയും അടിച്ചമർത്തലും പിടിച്ചുപറിക്കലും സർവസാധാരണമാകുന്നു. നീതിമാന്മാരെ ഒരു ജോഡി ചെരുപ്പിനു വില്ക്കുകയും പാവങ്ങളുടെ തല പൂഴിയിൽ ചവിട്ടിമെതിക്കുകയും ചെയ്യുന്ന സംസ്കാരം രൂപം കൊള്ളുന്നു. ബന്ധങ്ങൾ ഉലയുന്നു. തത്ഫലമായി ദൈവവുമായുള്ള ഉടമ്പടിബന്ധം തകരുന്നു.

തകർന്നുപോയ ദൈവ-മനുഷ്യബന്ധം പുനഃസ്ഥാപിക്കാനും ദൈവത്തിന്റെ ജനത്തെ ദൈവത്തിലേക്കും മനുഷ്യരിലേക്കും തിരികെ കൊണ്ടുവരാനും ദൈവം തന്റെ പ്രവാചകന്മാരെ ജനമധ്യത്തിലേക്ക് അയയ്ക്കുന്നു.

**പ്രവാചകൻ ദൈവജനത്തിന്റെ അടുത്തുവന്ന്:**

✦ദൈവത്തിന്റെ ഹിതമെന്തെന്ന് അറിയിക്കുന്നു.

✦ജനത്തിന്റെ തെറ്റുതിരുത്തി ദൈവത്തോടടുപ്പിക്കുന്നു.

✦മാനസാന്തരപ്പെടാത്തവർക്ക് ശിക്ഷ പ്രഖ്യാപിക്കുന്നു.

✦ജനത്തെ ആശ്വസിപ്പിച്ച് ധൈര്യം പകരുന്നു.

✦പ്രത്യാശയോടെ അവരെ മുന്നോട്ടുനയിക്കുന്നു.

ദൈവം എല്ലാക്കാലത്തും പ്രവാചകന്മാരിലൂടെ ഇടപെട്ടിട്ടുണ്ട്. ഓരോ കാലഘട്ടത്തിലെയും രാഷ്ട്രീയ-സാമൂഹിക പ്രത്യേകതകളും രീതികളും പ്രവാചകസന്ദേശത്തെ സ്വാധീനിച്ചിട്ടുണ്ട്.

**ഏതാണ്ട് ആയിരംവർഷമാണ് പ്രവാചകകാലഘട്ടം.**

**പ്രവാചകകാലം പ്രധാനമായും ആറുഘട്ടങ്ങളായി തിരിക്കാം:**

1. 1050 - 687 ബി.സി. - ഏലിമുതൽ ഒന്നാം ഏശയ്യാ വരെ
[പ്രവാചകന്മാർ : ആമോസ്, ഹോസിയാ, ഒന്നാം ഏശയ്യാ, മിക്കാ]

2. 687 - 587 ബി.സി. - ബാബിലോൺ പ്രവാസത്തിനു മുമ്പുവരെ
[പ്രവാചകന്മാർ : സെഫാനിയ, ജെറമിയ, നാഹും, ഹബക്കൂക്ക്]

3. 587 - 538 ബി.സി. - ബാബിലോണിയൻ അടിമത്തം
[പ്രവാചകന്മാർ : എസക്കിയേൽ, രണ്ടാം ഏശയ്യാ]

4. 538 - 480 ബി.സി. - വിപ്രവാസാനന്തരകാലം
[പ്രവാചകന്മാർ : ഒന്നാം സഖറിയ, മൂന്നാം ഏശയ്യാ]

5. 480 - 333 ബി.സി. - പുനരുദ്ധാരണം മുതൽ ഗ്രീക്ക്ഭരണംവരെ
[പ്രവാചകന്മാർ : മലാക്കി, ഒബാദിയ, യോന, ജോയേൽ, രണ്ടാം സഖറിയ]

6. 170 - 100 ബി.സി. - മക്കബായരുടെ കാലം
[പ്രവാചകന്മാർ : ബാറൂക്ക്, ദാനിയേൽ]

പ്രവാചകന്മാർ എഴുതിയ പുസ്തകങ്ങളുടെ വലുപ്പത്തിന്റെ അടിസ്ഥാനത്തിൽ അവരെ വലിയ പ്രവാചകന്മാരെന്നും ചെറിയ പ്രവാചകൻമാരെന്നും വിളിക്കുന്നു.


**വലിയ പ്രവാചകന്മാർ:**


1. ഏശയ്യാ, 2. ജെറമിയ, 3. എസക്കിയേൽ, 4. ദാനിയേൽ

**ചെറിയ പ്രവാചകന്മാർ:**

1. ഹോസിയ, 2. ജോയേൽ, 3. ആമോസ്, 4. ഒബാദിയ, 5. യോനാ, 6. മിക്കാ, 7. നാഹും, 8. ഹബക്കൂക്ക്, 9. സെഫാനിയ, 10. ഹഗ്ഗായി, 11. സക്കറിയ, 12. മലാക്കി


**വിശുദ്ധഗ്രന്ഥത്തിൽ സ്വന്തംനാമത്തിൽ പുസ്തകങ്ങളുള്ള പ്രവാചകന്മാരെ കാനോനികപ്രവാചകന്മാരെന്നും മറ്റുള്ളവരെ അകാനോനിക പ്രവാചകന്മാരെന്നും വിളിക്കുന്നു. ഏലി, നാഥാൻ, ഏലിയാ, ഏലിഷ തുടങ്ങിയവർ അകാനോനിക പ്രവാചകന്മാരാണ്.**

| പ്രവാചകൻ | സന്ദേശം |
|---|---|
|  ഏശയ്യാ | രക്ഷകനെക്കുറിച്ചും സഹനദാസനെക്കുറിച്ചും പ്രവചനം. |
|  ജെറമിയ | ഇടിച്ചു തകർക്കലും പണിതുയർത്തലും ഹൃദയത്തിൽ എഴുതപ്പെട്ട പുതിയ ഉടമ്പടി (31:31-34). |



**എസക്കിയേൽ**

ദൈവാലയപുനരുദ്ധാരണത്തെക്കുറിച്ചും ഇസ്രായേലിന്റെ വരാനിരിക്കുന്ന സമൃദ്ധിയുടെ കാലത്തെക്കുറിച്ചും പ്രവചനം.




**ദാനിയേൽ**

യുഗാന്തത്തെക്കുറിച്ചു മുന്നറിയിപ്പ്.



**ഹോസിയാ**

ദൈവത്തിന്റെ കരുണാർദ്രസ്നേഹത്തെക്കുറിച്ച്. “ബലിയല്ല, സ്നേഹമാണ് ഞാൻ ആഗ്രഹിക്കുന്നത്” (6:6).




**ജോയൽ**

കർത്താവിന്റെ ദിനത്തെക്കുറിച്ച്. “നിങ്ങളുടെ ഹൃദയമാണ്, വസ്ത്രമല്ല കീറേണ്ടത്”(2:13).



ആമോസ്

സാമൂഹികനീതിയുടെ പ്രവാചകൻ: "നീതി ജലം പോലെ ഒഴുകട്ടെ; സത്യം ഒരിക്കലും വറ്റാത്ത നീർച്ചാലുപോലെയും" (5:24).




ഒബാദിയ

ജറുസലേമിൽ വസിക്കുന്ന ദൈവം. "ഇസ്രായേലിനു രക്ഷയും ജനതകൾക്കു ശിക്ഷയും വരും; നീ കഴുകനെപ്പോലെ ഉയർന്നു പറന്നാലും നക്ഷത്രങ്ങളുടെ ഇടയിൽ കൂടുകൂട്ടിയാലും അവിടെ നിന്നു ഞാൻ താഴെയിറക്കും" (1:4).




യോന

സകല മനുഷ്യരുടെയും രക്ഷ. "ഇടംവലം തിരിച്ചറിയാൻ കഴിവില്ലാത്ത ഒരു ലക്ഷത്തിഇരുപതിനായിരത്തിൽപരം ആളുകളും അസംഖ്യം മൃഗങ്ങളും വസിക്കുന്ന മഹാനഗരമായ നിനവേയോട് എനിക്ക് അനുകമ്പ തോന്നരുതെന്നോ?" (4:11)




മിക്കാ

ദാവീദിന്റെ വംശത്തിൽ നിന്നു ജനിക്കുന്ന മിശിഹാ. "ബത്‌ലേഹം - എഫ്രാത്താ, യൂദാഭവനങ്ങളിൽ നീ ചെറുതാണെങ്കിലും ഇസ്രായേലിനെ ഭരിക്കേണ്ടവൻ എനിക്കായി നിന്നിൽനിന്നു പുറപ്പെടും"(5:2).




നാഹും

നിനവേയുടെ നാശം ദൈവനീതിയെപ്പറ്റിയുള്ള ചിന്ത ജനിപ്പിക്കുന്നു. “സദ്വാർത്ത കൊണ്ടുവരുന്നവന്റെ, സമാധാനംപ്രഘോഷിക്കുന്നവന്റെ പാദങ്ങൾ അതാ, മലമുകളിൽ” (1:15).



ഹബക്കൂക്ക്

ദുഷ്ടനു ശിക്ഷയും നീതിമാനു സമാധാനവും. “എന്റെ രക്ഷകനായ ദൈവത്തിൽ ഞാൻ സന്തോഷിക്കും. കർത്താവായ ദൈവമാണ് എന്റെ ബലം” (3:18-19).



സെഫാനിയ

“കർത്താവു ശിക്ഷിക്കുന്നത് രക്ഷിക്കാൻ തന്നെയാണ്. ഇസ്രായേലിന്റ രാജാവായ കർത്താവ് നിങ്ങളുടെ മദ്ധ്യേയുണ്ട്. നിങ്ങൾ ഇനിമേൽ അനർത്ഥം ഭയപ്പെടേണ്ടതില്ല” (3:16).




ഹഗ്ഗായി

ദൈവാലയപുനർനിർമ്മാണം. “ഈ ആലയത്തിന്റെ പൂർവമഹത്ത്വത്തെക്കാൾ ഉന്നതമായിരിക്കും വരാൻ പോകുന്ന മഹത്ത്വം” (2:9).



സഖറിയ

രക്ഷകനെക്കുറിച്ചുള്ള പ്രതീക്ഷ. "ഇതാ, നിന്റെ രാജാവ് നിന്റെ അടുക്കലേക്കു വരുന്നു. അവൻ പ്രതാപവാനും ജയശാലിയുമാണ്. അവൻ വിനയാന്വിതനായി, കഴുതപ്പുറത്ത്, കഴുതക്കുട്ടിയുടെ പുറത്ത് കയറിവരുന്നു (9:9).



മലാക്കി

കർത്താവിന്റെ ദിനം. "ഇതാ എനിക്കു മുമ്പേ വഴിയൊരുക്കാൻ ഞാൻ എന്റെ ദൂതനെ അയയ്ക്കുന്നു" (3:1).

**പഴയനിയമത്തെയും പുതിയനിയമത്തെയും ബന്ധിപ്പിക്കുന്ന പ്രവാചകനാണ് സ്നാപകയോഹന്നാൻ. മിശിഹായ്ക്കു വഴിയൊരുക്കുകയും അവിടത്തെ ലോകത്തിനു കാണിച്ചുകൊടുക്കുകയുമായിരന്നു യോഹന്നാന്റെ ദൗത്യം.**

## നമ്മൾ ദൈവത്തിന്റെ പ്രവാകന്മാർ

ജ്ഞാനസ്നാനം എന്ന കൂദാശവഴി യേശുവിന്റെ പ്രവാചകത്വത്തിൽ നാം പങ്കുചേരുന്നു. ദൈവരാജ്യം ഈ ഭൂമിയിൽ യാഥാർത്ഥ്യമാക്കാൻ പ്രവർത്തിച്ച യേശു, ആരുടെയും മുഖം നോക്കാതെ തിന്മയ്ക്കെതിരേ പോരാടി. ശരിയായവ മാത്രം ചെയ്യാൻ അവിടന്ന് ആഹ്വാനം ചെയ്തു. പ്രവാചകധീരതയോടെ തിന്മയ്ക്കെതിരേ പോരാടിയ യേശുവിന് സ്വന്തം ജീവൻ ബലിയായി നല്കേണ്ടിവന്നു. സമൂഹത്തിൽ സത്യവും നീതിയും സമത്വവും പുലരാനും ഓരോരുത്തനും അവകാശപ്പെട്ടത് നിഷേധിക്കപ്പെടാതിരിക്കാനും വേണ്ടി യേശുവിനെപ്പോലെ നമുക്കു പോരാടാം.

**ദൈവത്തിന്റെ പ്രവാചകരായ നമുക്ക്:**

* **ദൈവത്തെ ശ്രവിക്കാം.**
* **ദൈവവചനം പ്രഘോഷിക്കാം.**
* **സത്യത്തിന്റെ സാക്ഷികളാവാം.**

## പേരെഴുതുക:

താഴെക്കാണുന്ന നെയിംപ്ലേറ്റിൽ ചെറിയ പ്രവാചകന്മാരുടെ പേരുകൾ



## ചർച്ചചെയ്യുക

"അവർ നീതിമാന്മാരെ വെള്ളിക്കു വില്ക്കുന്നു; ഒരു ജോടി ചെരിപ്പിന് സാധുക്കളെയും. പാവപ്പെട്ടവരുടെ തല അവർ പൂഴിയിൽ ചവിട്ടിമെതിക്കുന്നു. ദരിദ്രരെ വഴിയിൽ നിന്ന് തള്ളിമാറ്റുന്നു" (ആമോ. 2:6-7). ആമോസിന്റെ ഈ വാക്കുകൾ ഇന്നത്തെ സാഹചര്യങ്ങളുമായി വിലയിരുത്തി നമുക്കെന്തു ചെയ്യാൻ കഴിയുമെന്ന് ചർച്ചചെയ്യുക.

## നമുക്ക് ഉത്തരം കണ്ടെത്താം

1. ആരാണ് പ്രവാചകൻ?
2. എന്തിനാണ് ദൈവം തന്റെ പ്രവാചകൻമാരെ തിരഞ്ഞെടുത്തയയ്ക്കുന്നത്?
3. പ്രവാചകകാലത്തെ എത്രയായി തിരിച്ചിരിക്കുന്നു.? അവ ഏവ?
4.വലിയ പ്രവാചകന്മാർ ആരെല്ലാം? അങ്ങനെ അറിയപ്പെടാനുള്ള കാരണമെന്ത്?
5. എന്താണ് നമ്മുടെ പ്രവാചകദൗത്യം?



## നമുക്കു പാടാം

ദൈവം വിളിച്ചവർ പ്രവാചകന്മാർ
ദൈവ-മർത്ത്യബന്ധത്തിൻ മധ്യസ്ഥന്മാർ
ദൈവഹിതം അറിയിക്കാനുള്ള വ്യക്തികൾ
ദൈവത്തിലേക്കു നമ്മെ വഴിനടത്തുവോർ

നാമിന്നു കർത്താവിൻ പ്രവാചകർ
കൈവരിക്കേണം പ്രവാചകധൈര്യം
തിന്മകൾക്കെതിരെ നാം പോരാടണം
യാഗമാക്കി ജീവിതം മാറ്റീടണം

## നമുക്കു ദൈവവചനം ഓർമ്മിക്കാം

"ഒരു പുതിയ ഹൃദയം നിങ്ങൾക്കു ഞാൻ നല്കും; ഒരു പുതിയ ചൈതന്യം നിങ്ങളിൽ ഞാൻ നിക്ഷേപിക്കും"

(എസ. 36:26).





## നമുക്കു പ്രാർത്ഥിക്കാം

ദൈവമേ, സത്യത്തിനും നീതിക്കും വേണ്ടി നിലകൊള്ളാൻ ഞങ്ങളെ സഹായിക്കണമേ.

## നമുക്കു മന:പാഠമാക്കാം

"ജീവിതത്തിലും മരണത്തിലും യേശുവിനോടു ചേർന്നുനില്ക്കുക. എല്ലാവരും നിന്നെ ഉപേക്ഷിക്കുമ്പോൾ, നിന്നെ സഹായിക്കാൻ കഴിയുന്നവനിൽ ശരണം വയ്ക്കുക" (വിശുദ്ധ അഗസ്റ്റിൻ).

പാഠം ഒമ്പത്

# മോചനം ഒരു വിളിപ്പാടകലെ



എല്ലാവർഷവും ആഗസ്റ്റ് 15-ന് നാം സ്വാതന്ത്ര്യദിനം ആഘോഷിക്കാറുണ്ടല്ലോ. ഇന്ത്യ ബ്രിട്ടിഷുകാരുടെ അടിമത്തത്തിൽ നിന്നു മോചനം നേടിയതിന്റെ അനുസ്മരണദിനമാണത്. അടിമത്തത്തിലായിരുന്ന നമ്മുടെ പൂർവികരെക്കുറിച്ചും അവർ അനുഭവിച്ച ദുഖങ്ങളെക്കുറിച്ചും നാം ചിന്തിച്ചിട്ടുണ്ടോ?

വേദനനിറഞ്ഞ ഇത്തരം അടിമത്തങ്ങളിലൂടെ ഇസ്രായേൽജനം പലവട്ടം കടന്നുപോയിട്ടുണ്ട്. ദൈവത്തോടുള്ള അവരുടെ അവിശ്വസ്തതയായിരുന്നു ഇസ്രായേലിന്റെ അടിമത്തത്തിനു കാരണം.

സോളമന്റെ കാലശേഷം ഇസ്രായേൽ രണ്ടായി വിഭജിക്കപ്പെട്ടല്ലോ - വടക്ക് ഇസ്രായേലും തെക്ക് യൂദായും.

### ഇസ്രായേൽ രാജ്യവും അസ്സീരിയൻവിപ്രവാസവും

ബി.സി. 931-ൽ ഇസ്രായേലിന്റെ വടക്കൻപ്രദേശത്തെ പത്തുഗോത്രങ്ങൾ ചേർന്നാണ് വടക്കൻ ഇസ്രായേൽ രാജ്യം രൂപപ്പെടുത്തിയത്. ജറോബോവാമായിരുന്നു ആദ്യത്തെ രാജാവ്.

ജറുസലേം ദൈവാലയത്തിനുപകരം ദാനിലും ബഥേലിലും ജറോബോവാം പുതിയ ആരാധനാലയങ്ങൾ സ്ഥാപിച്ച് അവിടെ കാളക്കുട്ടികളെ പ്രതിഷ്ഠിച്ചു. ഇസ്രായേൽരാജക്കന്മാർ ബഹുഭൂരിപക്ഷവും ദൈവത്തോട് വിശ്വസ്തത പാലിച്ചില്ല. ദൈവത്തിന്റെ പ്രവാചകന്മാരെ അവർ തിരസ്കരിച്ചു. വിഗ്രഹാരാധനയും സാമൂഹികഅനീതിയും ദൈവകോപത്തിനു കാരണമായി. ബി.സി. 722-ൽ വടക്കൻ ഇസ്രായേൽരാഷ്ട്രം അസ്സീരിയൻ വിപ്രവാസത്തിലായി.

**വടക്കൻ ഇസ്രായേലിലെ പ്രധാന രാജാക്കന്മാർ:**

**ഓമ്രി, ആഹാബ്, യേഹു, ജറോബോവാം II**

**വടക്കൻ ഇസ്രായേലിലെ പ്രധാന പ്രവാചകന്മാർ:**

**ഏലിയാ, ഏലിഷാ, യോനാ, ആമോസ്, ഹോസിയാ**

### യൂദാരാജ്യവും ബാബിലോണിയൻവിപ്രവാസവും

സോളമനുശേഷം പുത്രനായ റഹോബോവാം രാജാവായെങ്കിലും വടക്കൻഇസ്രായേൽ വേർതിരിക്കപ്പെട്ടതിനാൽ അദ്ദേഹം യൂദാരാജ്യത്തിന്റെ രാജാവ് എന്നറിയപ്പെട്ടു. യൂദാഗോത്രവും ബെഞ്ചമിൻഗോത്രവും ചേർന്നാണ് യൂദാരാജ്യം രൂപപ്പെട്ടത്.

ജറുസലേം ദൈവാലയമായിരുന്നു യൂദാരാജ്യത്തിന്റെ ആകർഷണകേന്ദ്രം.

ഇസ്രായേലും യൂദായും തമ്മിൽ നിരന്തരം യുദ്ധങ്ങൾ നടന്നിരുന്നു. യൂദാരാജ്യത്തില രാജാക്കന്മാർ പലരും ദൈവത്തോട് വിശ്വസ്തത കാണിച്ചില്ല. വിഗ്രഹാരാധനയിൽ മുഴുകിയ യൂദാരാജ്യവും പ്രവാചകന്മാരെ ചെവിക്കൊണ്ടില്ല. ബാബിലോണിയൻരാജാവ് നബുക്കദ്നേസർ ജറുസലേം കീഴടക്കി. ദൈവാലയം നശിപ്പിച്ചു. ബി.സി 587-ൽ യൂദാരാജ്യം ബാബിലോണിയൻവിപ്രവാസത്തിലായി.

**യൂദായിലെ പ്രധാന രാജാക്കന്മാർ:**

**റഹോബോവാം, ആസാ, ആമസിയാ, ഉസ്സിയാ, ആഹാസ്, ഹെസെക്കിയാ, യഹോയാക്കിം**

**യൂദായിലെ പ്രധാന പ്രവാചകന്മാർ:**

**ഏലിയാ, ജോയേൽ, സഖറിയാ, ഏശയ്യാ, ജറെമിയ**

ഉടമ്പടിബന്ധം തകർന്നതിന്റെ ഫലമായി സ്വന്തം നാടുപേക്ഷിച്ച് അന്യനാട്ടിൽ താമസിക്കുന്നതിന് ദൈവജനം നിർബന്ധിക്കപ്പെട്ട കാലഘട്ടമാണ് വിപ്രവാസം. ദൈവവുമായുള്ള ബന്ധവും സ്വാതന്ത്ര്യവും നഷ്ടപ്പെട്ട് അന്യദേശക്കാരുടെ അടിമത്തത്തിൽ കഴിയുന്ന അവസ്ഥ. സ്വർണം ഉലയിൽ ഉരുക്കി ശുദ്ധീകരിക്കുന്നതുപോലെ, ഇസ്രായേലിന്റെ വിശ്വാസം ദൈവം ശുദ്ധീകരിച്ച കാലഘട്ടമാണ് വിപ്രവാസം.

**വിപ്രവാസത്തിനുള്ള കാരണങ്ങൾ:**

★ **ഉടമ്പടി ലംഘനം** ★ **ദൈവത്തോടുള്ള അവിശ്വസ്തത** ★

★ **വിഗ്രഹാരാധന** ★ **സാമൂഹികഅനീതി** ★

**ഇസ്രായേൽ ജനതയുടെ വിപ്രവാസം**
**ദൈവനീതിയുടെ വെളിപ്പെടുത്തലായിരുന്നു.**

**വിപ്രവാസം മൂലം ഇസ്രായേലിനു നഷ്ടമായത്:**

★ **രാജ്യം** ★ **രാജാവ്** ★ **ദൈവാലയം** ★ **പുരോഹിതൻ**

## പ്രവാസാനന്തരകാലം

പ്രവാസത്തിലും ദൈവം തന്റെ ജനത്തെ കൈവിട്ടില്ല. പ്രവാചകൻമാർവഴി (രണ്ടാം ഏശയ്യാ, എസക്കിയേൽ) ദൈവം അവരെ ധൈര്യപ്പെടുത്തുകയും വരാനിരിക്കുന്ന രക്ഷകനെക്കുറിച്ച് അവരെ ഓർമ്മിപ്പിക്കുകയും അവരെ പ്രത്യാശയുള്ളവരാക്കുകയു ചെയ്തു (2 സാമു. 7: 12-14, ഏശ. 7:14).

പേർഷ്യൻരാജാവായ സൈറസിന്റെ കാലത്ത് ബാബിലോണിയൻവിപ്രവാസം അവസാനിച്ചു. എസ്രായുടെയും നെഹമിയായുടെയും നേതൃത്വത്തിൽ അവർ ദൈവവുമായുള്ള ഉടമ്പടി നവീകരിക്കുയും ദൈവാലയം പുതുക്കിപ്പണിയുകയും (ബി.സി. 521-515) ചെയ്തു.

**മനുഷ്യൻ സ്വാർത്ഥതമൂലം ദൈവ-മനുഷ്യബന്ധം വിച്ഛേദിക്കുമ്പോഴാണ് വിപ്രവാസം ആരംഭിക്കുന്നത്. സ്വാർത്ഥത വെടിഞ്ഞ് ദൈവത്തെയും മനുഷ്യനെയും സ്നേഹിച്ചു ജീവിക്കുമ്പോൾ നാം ശരിയായ സ്വാതന്ത്ര്യം അനുഭവിക്കുന്നു.**

പ്രവാസജീവിതം ഇസ്രായേലിന്റെ കണ്ണുതുറപ്പിച്ചു. ചെയ്തുപോയ തെറ്റുകൾമൂലം അവർക്കുകിട്ടിയ ഈ ശിക്ഷ അവരൊരിക്കലും മറന്നില്ല. ഇസ്രായേൽക്കാർ പിന്നീട് ഗ്രീക്കുകാരുടെയും റോമാക്കാരുടെയുമൊക്കെ ആധിപത്യത്തിലായി. അകത്തുനിന്നും പുറത്തുനിന്നുമുള്ള പലവിധ ആക്രമണങ്ങൾക്കും അവർ വിധേയരായി. എന്നാൽ വരാനിരിക്കുന്ന രക്ഷകനെക്കുറിച്ചുള്ള പ്രത്യാശ അവരെ ധൈര്യപ്പെടുത്തി. പ്രാർത്ഥനയോടും ആകാംക്ഷയോടുംകൂടെ അവർ രക്ഷകനുവേണ്ടി കാത്തിരുന്നു. യേശുവിന്റെ കാലത്ത് ഇസ്രായേൽക്കാർ റോമാക്കാരുടെ കീഴിലായിരുന്നു.

**ഇസ്രായേൽ വിപ്രവാസങ്ങളും ആധിപത്യങ്ങളും:**

അസ്സീരിയ ബി.സി. 722, റോം ബി.സി. 63

ബാബിലോൺ ബി.സി. 587, ഗ്രീക്ക് ബി.സി. 332

**നമ്മുടെ ജീവിതം ദൈവകരങ്ങളിൽ സമർപ്പിക്കുക.**
**എല്ലാവിധ അടിമത്തങ്ങളിലുംനിന്ന്**
**ദൈവം നമ്മെ മോചിപ്പിക്കും.**

**താഴെക്കാണുന്ന അടിമത്തങ്ങൾ ശ്രദ്ധിക്കൂ.**
**നമുക്കെന്തു ചെയ്യാൻ കഴിയും?**







**ഉത്തരം കണ്ടെത്താം**

1. ജറുസലേം ദൈവാലയത്തിനു പകരം ജറോബോവാം പണികഴിപ്പിച്ച ആരാധനാലയങ്ങൾ ഏവ?
2. എന്താണ് അസ്സീരിയൻ വിപ്രവാസത്തിനുള്ള കാരണം?
3. യൂദാരാജ്യം രൂപപ്പെട്ടതെങ്ങനെ?
4. വിപ്രവാസം എന്നാൽ എന്ത്?
5. വിപ്രവാസത്തിലും ശേഷവും ഇസ്രായേൽക്കാർക്ക് പ്രത്യാശ നല്കിയിരുന്നതെന്ത്?

## നമുക്കു പാടാം



പാപങ്ങൾ ചെയ്തതുമൂലം – ഞങ്ങൾ
ദൈവത്തിൽ നിന്നുമകന്നൂ
അതിനുള്ള ശിക്ഷയെന്നോണം – നീണ്ട
വിപ്രവാസത്തിലലഞ്ഞു

പശ്ചാത്തപിക്കുന്ന ഞങ്ങൾ – നിന്റെ
പാദാന്തികത്തിലായ് നില്പൂ
രക്ഷകനെ കാത്തിരിപ്പൂ – അവൻ
എന്നിങ്ങു വന്നണഞ്ഞീടും?

## നമുക്കു ദൈവവചനം ഓർമ്മിക്കാം



"ജെസ്സെയുടെ കുറ്റിയിൽനിന്ന് ഒരു മുള കിളിർത്തുവരും; അവന്റെ വേരിൽനിന്ന് ഒരു ശാഖ പൊട്ടിക്കിളിർക്കും. കർത്താവിന്റെ ആത്മാവ് അവന്റെമേൽ ആവസിക്കും" (ഏശ. 11:1-2).

## നമുക്കു പ്രാർത്ഥിക്കാം



ദൈവമേ, അങ്ങയെ മറന്ന് ലൗകികസന്തോഷങ്ങൾക്കുപുറകേ പോകാൻ ഞങ്ങളെ അനുവദിക്കരുതേ.

## നമുക്കു മനഃപാഠമാക്കാം

"ഞാൻ സ്വർഗത്തിലേക്കു നോക്കുമ്പോൾ ഭൂമി എനിക്ക് വിരസമായി തോന്നുന്നു" (വിശുദ്ധ ഇഗ്നേഷ്യസ് ലെയോള).

പാഠം പത്ത്

# സ്നാപക യോഹന്നാൻ

രക്ഷകന്റെ വരവിനു മുന്നോടിയായി ദൈവം ഒരു പ്രവാചകനെ അയച്ചു. സ്നാപക യോഹന്നാൻ എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്.

## യോഹന്നാന്റെ ജനനം

വൃദ്ധരായ സഖറിയായ്ക്കും എലിസബത്തിനും മക്കളുണ്ടായിരുന്നില്ല. ഒരു കുഞ്ഞിനായി അവർ നിരന്തരം പ്രാർത്ഥിച്ചു.

ഒരിക്കൽ ദൈവാലയത്തിൽ ശുശ്രൂഷചെയ്തുകൊണ്ടിരിക്കുമ്പോൾ, ഒരു മാലാഖ പ്രത്യക്ഷപ്പെട്ട് അരുൾചെയ്തു: "സഖറിയാ, ഭയപ്പെടേണ്ട. നിന്റെ പ്രാർത്ഥന കേട്ടിരിക്കുന്നു. നിന്റെ ഭാര്യ എലിസബത്തിൽ നിനക്കൊരു പുത്രൻ ജനിക്കും. നീ അവന് യോഹന്നാൻ എന്നു പേരിടണം" (ലൂക്കാ 1:13).



എന്നാൽ ദൈവദൂതന്റെ വാക്കുകൾ സഖറിയാ വിശ്വസിച്ചില്ല. അതിനാൽ സഖറിയായ്ക്ക് സംസാരശേഷി നഷ്ടപ്പെട്ടു.

എലിസബത്ത് ഒരു ആൺകുഞ്ഞിനെ പ്രസവിച്ചു. ശിശുവിന് എന്തു പേരിടാനാണ് ആഗ്രഹിക്കുന്നതെന്ന് ബന്ധുക്കൾ സഖറിയായോടു ചോദിച്ചു. ഒരു എഴുത്തുപലക വരുത്തി അതിൽ 'യോഹന്നാൻ' എന്ന് അദ്ദേഹം എഴുതി. 'ദൈവം കൃപാലുവാണ്' എന്നാണ് ആ പേരിനർത്ഥം. ശിശുവിന്റെ പേരെഴുതിയ സമയത്തുതന്നെ സഖറിയായ്ക്ക് സംസാരശേഷി തിരിച്ചു കിട്ടി. എല്ലാവരും അദ്ഭുതപ്പെട്ടു. വാർത്തകേട്ടപ്പോൾ ഈ ശിശു ആരായിത്തീരുമെന്ന് അവർ ചിന്തിച്ചുതുടങ്ങി.



യോഹന്നാൻ വളർന്ന് ദൈവത്തിനിഷ്ടപ്പെട്ട പ്രവാചകനായി മാറി. ഒട്ടകരോമം കൊണ്ടുള്ള വസ്ത്രമാണ് അദ്ദേഹം ധരിച്ചിരുന്നത്. അരയിൽ തോല്പ്പട്ട ചുറ്റിയിരുന്നു. വെട്ടുക്കിളികളും കാട്ടുതേനുമായിരുന്നു അദ്ദേഹത്തിന്റെ ഭക്ഷണം.

പാപമോചനത്തിനുള്ള മാനസാന്തരത്തിന്റെ ജ്ഞാനസ്നാനം സ്വീകരിക്കാൻ യോഹന്നാൻ ജനങ്ങളെ ഉദ്ബോധിപ്പിച്ചു. യോഹന്നാൻ അവരോടു പറഞ്ഞു:

**"മാനസാന്തരത്തിനു യോജിച്ച ഫലങ്ങൾ പുറപ്പെടുവിക്കുക...**
**രണ്ടുടുപ്പുള്ളവൻ ഒന്ന് ഇല്ലാത്തവന് കൊടുക്കട്ടെ;**
**ഭക്ഷണം ഉള്ളവനും അങ്ങനെ ചെയ്യട്ടെ" (ലൂക്കാ 3:8,11).**

## യോഹന്നാൻ ജനങ്ങളെ ഉപദേശിച്ചതെങ്ങനെ?

### പങ്കുവയ്ക്കുക

ഭക്ഷണം, വസ്ത്രം, പാർപ്പിടം, സമ്പത്ത്, സമയം എന്നിവ

### നീതി പ്രവർത്തിക്കുക

ഓരോരുത്തർക്കും അർഹതപ്പെട്ടതു കൊടുക്കുക, അനീതിയുള്ളിടത്ത് ദൈവമില്ല.

### ഭീഷണിപ്പെടുത്തരുത്

ദുർബലരെയും വിധവകളെയും ചൂഷണം ചെയ്യരുത്.

### ഉള്ളതുകൊണ്ട് തൃപ്തിപ്പെടുക

അത്യാഗ്രഹം പാടില്ല, ഉള്ളതു പങ്കുവയ്ക്കുക, ഒന്നും ദുരുപയോഗം ചെയ്യരുത്. ആർഭാടവും ആസക്തിയും ദൈവം വെറുക്കുന്നു.

### കൂടുതൽ ഈടാക്കരുത്

അനർഹമായ വേതനം, കൈക്കൂലി എന്നിവ ദൈവത്തിനിഷ്ടമല്ല.

യോഹന്നാൻ തന്റെ ദൗത്യം തുടരവേ, ഒരു വാർത്ത കേട്ടു: ഹെറോദേസ് രാജാവ് അയാളുടെ സഹോദരന്റെ ഭാര്യയായ ഹെറോദിയായെ സ്വന്തം ഭാര്യയായി സ്വീകരിച്ചിരിക്കുന്നു എന്ന വാർത്ത! ഉടൻതന്നെ പ്രവാചകൻ ഹെറോദേസിന്റെ മുമ്പിലെത്തി. അയാളുടെ തെറ്റ് ചൂണ്ടിക്കാട്ടി. കോപിഷ്ഠനായ രാജാവ് യോഹന്നാനെ ജയിലിലടച്ചു. പ്രവാചകൻ രാജാവിനെ വിമർശിച്ചതറിഞ്ഞ ഹെറോദിയാ കോപത്താൽ ജ്വലിച്ചു. ആ നിമിഷം മുതൽ യോഹന്നാനെ ഇല്ലാതാക്കാൻ അവൾ തക്കംപാർത്തിരുന്നു. അങ്ങനെയിരിക്കേ, ഹെറോദേസ്‌രാജാവിന്റെ ജന്മദിനമായി. ആഘോഷത്തിന്റെ ഭാഗമായി ഹെറോദിയായുടെ മകൾ സലോമി രാജസന്നിധിയിൽ നൃത്തംചെയ്തു. സന്തോഷചിത്തനായ രാജാവ് സമ്മാനമായി സലോമി ആവശ്യപ്പെടുന്നതെന്തും നല്കാമെന്ന് വാഗ്ദാനംചെയ്തു. സലോമിയാകട്ടെ, തന്റെ അമ്മയുടെ പ്രേരണയാൽ, യോഹന്നാന്റെ ശിരസ്സ് ഒരു തളികയിൽവച്ചു തരണമെന്ന് ആവശ്യപ്പെട്ടു. ആവശ്യംകേട്ട് രാജാവ് ഞെട്ടിയെങ്കിലും യോഹന്നാന്റെ ശിരസ്സ് ഒരു തളികയിൽ വച്ച് അവൾക്കു നല്കാൻ കല്പിച്ചു. പിന്നീട് വിവരമറിഞ്ഞെത്തിയ സ്നാപകയോഹന്നാന്റെ ശിഷ്യന്മാർ അദ്ദേഹത്തിന്റെ മൃതദേഹം ഒരു കല്ലറയിൽ സംസ്കരിച്ചു.

## തിന്മയ്ക്കെതിരേ ധീരതയോടെ പ്രതികരിക്കാൻ യോഹന്നാന്റെ മാതൃക നമ്മെ പഠിപ്പിക്കുന്നു.

രക്ഷകനായ യേശുവിന് വഴിയൊരുക്കാനാണ് യോഹന്നാൻ ആഗതനായത്. മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ ശബ്ദമായ യോഹന്നാൻ യേശുവിനെ ലോകത്തിനു പരിചയപ്പെടുത്തിയത് ഇപ്രകാരമാണ്: "ഇതാ, ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്. എന്റെ പിന്നാലേ വരുന്നവൻ എന്നെക്കാൾ വലിയവനാണ്" (യോഹ. 1:29:30). "അവൻ വളരുകയും ഞാൻ കുറയുകയും വേണം" (യോഹ: 3:30).

✦ യോഹന്നാനെപ്പോലെ നമുക്കും യേശുവിനെ ലോകത്തിന് ചൂണ്ടിക്കാണിച്ചുകൊടുക്കാം (യോഹ. 1:29-30).

✦ നമ്മുടെ ചുറ്റുമുള്ളവരുടെ വളർച്ചയ്ക്കുവേണ്ടി നമ്മെത്തന്നെ ചെറുതാക്കാം (യോഹ. 1:29-30).

### ഉത്തരം കണ്ടെത്താം

1. എന്തുകൊണ്ടാണ് സഖറിയായ്ക്ക് സംസാരശേഷി നഷ്ടപ്പെട്ടത്?
2. എന്തു സ്നാനമാണ് യോഹന്നാൻ ആളുകൾക്കു നല്കിയത്?
3. യോഹന്നാനെ കാരാഗൃഹത്തിലടയ്ക്കാനുണ്ടായ കാരണമെന്ത്?
4. യേശു സ്നാനംസ്വീകരിച്ചപ്പോൾ സംഭവിച്ചതെന്ത്?
5. യോഹന്നാൻ യേശുവിനെ ലോകത്തിനു പരിചയപ്പെടുത്തിയതെങ്ങനെ?

### കാരണം പറയുക

ദൈവം പ്രവാചകരെ അയയ്ക്കുന്നു.

പ്രവാചകരെ ജനം സ്വീകരിച്ചു.

### നാടകരൂപത്തിൽ അവതരിപ്പിക്കുക:

സ്നാപകയോഹന്നാന്റെ പ്രഭാഷണം (ലൂക്കാ 3:1-18).

### ചർച്ച ചെയ്യുക

"അവൻ വളരുകയും ഞാൻ കുറയുകയും വേണം" (യോഹ. 3:30). യോഹന്നാന്റെ ഈ മറുപടി ഉൾക്കൊണ്ട് നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കേണ്ട കാര്യങ്ങൾ ഏവ?

### നമുക്കു പാടാം



രക്ഷകനൂഴിയിൽ വീഥിയൊരുക്കാൻ
വന്നൂ സ്നാപകയോഹന്നാൻ
വെട്ടുക്കിളിയും കാട്ടുതേനും
ഭക്ഷണമാക്കിയ യോഹന്നാൻ

മാനസാന്തരവഴിയിൽ നടക്കാൻ
പ്രേരിപ്പിച്ചൂ യോഹന്നാൻ
ഹെറോദിയായുടെ ക്രോധം മൂലം
ജീവൻ നല്കീ യോഹന്നാൻ

### നമുക്കു ദൈവവചനം ഓർമ്മിക്കാം

"എന്നെക്കാൾ ശക്തനായ ഒരുവൻ വരുന്നു. അവന്റെ ചെരിപ്പിന്റെ കെട്ടഴിക്കാൻപോലും ഞാൻ യോഗ്യനല്ല" (ലൂക്കാ 3:16).





### നമുക്കു പ്രാർത്ഥിക്കാം

ദൈവമേ, ജീവൻ ബലികഴിക്കേണ്ടിവന്നാലും സത്യം വെടിയാതിരിക്കാൻ ഞങ്ങളെ ധൈര്യപ്പെടുത്തണമേ.

### നമുക്കു മന:പാഠമാക്കാം

"തിന്മ ചെയ്യാതിരിക്കുന്നതുകൊണ്ടുമാത്രം മതിയാകുകയില്ല. നന്മ ചെയ്യാതിരിക്കുന്നതും തെറ്റാകും. നിയമം ഇരു വിധത്തിൽ ലംഘിക്കപ്പെടുന്നു" (വിശുദ്ധ അത്തനേഷ്യസ്).

പാഠം പതിനൊന്ന്

# ക്രിസ്തു നമ്മുടെ നേതാവ്

ദൈവം ഭരണംനടത്തുന്ന, സ്വാതന്ത്ര്യവും കൂട്ടായ്മയും പുലരുന്ന ഒരു വലിയ കുടുംബമാണ് ദൈവരാജ്യം. അവിടെ ദൈവം പിതാവും നമ്മൾ മക്കളും. അക്കാരണത്താൽ പരസ്പരം സഹോദരങ്ങളുമായി ഒരുമിച്ചു ജീവിക്കുന്നു.

കാനാൻദേശത്തുവച്ച് ദൈവത്തെ രാജാവായിക്കരുതി, ഇത്തരമൊരു അനുഭവത്തിലൂടെ ഇസ്രായേൽജനം കഴിഞ്ഞുകൂടി. എന്നാൽ ഈ ദൈവരാജ്യാനുഭവം അധികനാൾ നിലനിന്നില്ല.

അവർ ദൈവത്തിന്റെ രാജസ്ഥാനം തള്ളിപ്പറഞ്ഞ് മറ്റൊരു രാജാവിനുവേണ്ടി മുറവിളികൂട്ടി. "ഞങ്ങൾക്കു രാജാവിനെ കിട്ടണം. ഞങ്ങൾക്കും മറ്റ് ജനതകളെപ്പോലെയാകണം. ഞങ്ങളുടെ രാജാവ് ഞങ്ങളെ ഭരിക്കുകയും നയിക്കുകയും ഞങ്ങൾക്കുവേണ്ടി പടവെട്ടുകയും ചെയ്യണം" (1 സാമു. 8:19). ദൈവം അവരുടെ അപേക്ഷ അനുവദിച്ചു. മനുഷ്യരായ രാജാക്കന്മാർ അവരെ ഭരിക്കാൻ തുടങ്ങി. കാലം കടന്നുപോയി. എങ്ങും സ്വാർത്ഥത നിറഞ്ഞു. വലിയവൻ, ചെറിയവൻ, ധനവാൻ, ദരിദ്രൻ എന്നീ വേർതിരിവുകൾ ഉടലെടുത്തു.

### വാഗ്ദാനപൂർത്തീകരണം

ദൈവം തന്റെ ജനത്തോട് എന്നും കരുതലുള്ളവനാണ്. നാഥാൻ പ്രവാചകൻ വഴി ദൈവം അവർക്ക് ഒരു രക്ഷകനെ വാഗ്ദാനം ചെയ്തു. നാഥാൻ ദാവീദുരാജാവിനോടു പറഞ്ഞു: "ദിനങ്ങൾ തികഞ്ഞ് നീ പൂർവികരോടു ചേരുമ്പോൾ, നിന്റെ ഔരസപുത്രനെ ഞാൻ ഉയർത്തി അവന്റെ രാജ്യം സുസ്ഥിരമാക്കും. അവൻ എനിക്ക് ആലയംപണിയും; അവന്റെ രാജസിംഹാസനം ഞാൻ എന്നേക്കും സ്ഥിരപ്പെടുത്തും. ഞാൻ അവനു പിതാവും അവൻ എനിക്ക് പുത്രനുമായിരിക്കും" (2 സാമു. 7:12-14).

കാലത്തിന്റെ തികവിൽ, ദൈവത്തിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി, തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു. ദൈവം തന്റെ ഏകപുത്രനെ ലോകത്തിലേക്കയച്ചത് ലോകത്തെ ശിക്ഷയ്ക്കു വിധിക്കാനല്ല. പ്രത്യുത, അവൻ വഴി ലോകം രക്ഷപ്രാപിക്കാനാണ് (യോഹ. 3:16-17).

**ദൈവരാജ്യത്തിൽ പ്രവേശിക്കുക യേശുവിനോടു ബന്ധം സ്ഥാപിക്കുന്നതിലൂടെയാണ്. യേശുവിന്റെ ശിഷ്യത്വം സ്വീകരിക്കുകയാണ് അതിനുള്ള മാർഗം.**

### ദൈവം നമ്മോടുകൂടെ

ദൈവപുത്രൻ മനുഷ്യനായി ലോകത്തിൽ അവതരിച്ചു. യേശുവിന്റെ സാന്നിധ്യം തന്നെയാണ് ദൈവം ഭരിക്കുന്നു എന്നതിന്റെ തെളിവ്. കാരണം, യേശു, ദൈവം നമ്മോടുകൂടെയാണ് (മത്താ. 1:23).

സിനഗോഗിൽ പ്രാർത്ഥനയ്ക്കുകൂടിയ ജനത്തോട് യേശു പറഞ്ഞു: "കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. ദരിദ്രരെ സുവിശേഷമറിയിക്കാൻ അവിടന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടന്ന് എന്നെ അയച്ചിരിക്കുന്നു" (ലൂക്കാ 4:18-19).

യേശു ജനത്തോടു പറഞ്ഞു: "സമയം പൂർത്തിയായി, ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ" (മർക്കോ. 1:15).

**ഈ ലോകത്തിൽ ദൈവത്തിന്റെ രാജ്യംവരണം. അതാണ് യേശുവിന്റെ നേതൃത്വം വിഭാവന ചെയ്യുന്നത്.**

### ദുർബലരെ ശക്തിപ്പെടുത്തുന്ന നേതൃത്വം

യേശു ജീവിച്ച സമൂഹത്തിൽ ധാരാളം ഉച്ചനീചത്വങ്ങളും വേർതിരിവുകളുമുണ്ടായിരുന്നു. സമൂഹത്തിന്റെ മേലേത്തട്ടിൽ ധനികർ, ഇടത്തട്ടിൽ അദ്ധ്വാനിക്കുന്ന ജനവിഭാഗം, താഴേത്തട്ടിൽ അവശരും ആർത്തരും ആലംബഹീനരും.

സമൂഹത്തിലെ ദുർബലരോടുകൂടെ ആയിരുന്ന യേശു അവരെ ശക്തിപ്പെടുത്തി. അവിടന്ന് അവരെ നോക്കി പറഞ്ഞു:

"ദരിദ്രരായവർ ഭാഗ്യവാന്മാർ; സ്വർഗരാജ്യം അവരുടേതാണ്. വിലപിക്കുന്നവർ ഭാഗ്യവാൻമാർ; അവർ ആശ്വസിപ്പിക്കപ്പെടും. ശാന്തശീലർ ഭാഗ്യവാൻമാർ; അവർ ഭൂമി കൈവശമാക്കും. നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ; അവർക്കു സംതൃപ്തി ലഭിക്കും. കരുണയുള്ളവർ ഭാഗ്യവാന്മാർ; അവർക്കു കരുണ ലഭിക്കും.

"ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും: സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവപുത്രന്മാരെന്നു വിളിക്കപ്പെടും. നീതിക്കുവേണ്ടി പീഡനം ഏല്ക്കുന്നവർ ഭാഗ്യവാന്മാർ; സ്വർഗരാജ്യം അവരുടേതാണ്. എന്നെപ്രതി മനുഷ്യർ നിങ്ങളെ അവഹേളിക്കുകയും പീഡിപ്പിക്കുകയും എല്ലാത്തരം തിന്മകളും നിങ്ങൾക്കെതിരേ വ്യാജമായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ; നിങ്ങൾ ആനന്ദിച്ചാഹ്ലാദിക്കുവിൻ; സ്വർഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും" (മത്താ. 5:8-12).

സമൂഹത്തിലെ വേർതിരിവുകൾമാറ്റി എല്ലാവരും ദൈവസ്നേഹത്തിലും പരസ്നേഹത്തിലും ജീവിക്കണമെന്ന് യേശു പഠിപ്പിച്ചു. ദൈവസ്നേഹവും പരസ്നേഹവും ഒരുമിച്ചുപോകണം. മനുഷ്യരെ സ്നേഹിക്കാതെ ദൈവത്തിന് ആരാധനയർപ്പിക്കുന്നതിൽ അർത്ഥമില്ല. യേശു പറഞ്ഞു: "ബലിയല്ല, കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത് എന്നതിന്റെ അർത്ഥം നിങ്ങൾ പോയി പഠിക്കുക" (മത്താ. 9:13, ഹോസി. 6:6).

**എല്ലാവർക്കും എല്ലാം ആവശ്യാനുസരണം ലഭിക്കുകയും സാഹോദര്യം പുലരുകയും ചെയ്യുന്ന അവസ്ഥയാണ് ദൈവരാജ്യാനുഭവം.**

## അനുകമ്പയുള്ള നേതൃത്വം

ജനങ്ങളുടെ വേദനകണ്ടു മനസ്സുനൊന്ത യേശുവിന് അവരോട് അനുകമ്പതോന്നി (മത്താ. 9:36; 14:14). അവർ ഇടയനില്ലാത്ത ആടുകളെപ്പോലെ പരിഭ്രാന്തരും നിസ്സഹായരുമായിരുന്നു. അനുകമ്പ വെറും സഹതാപമല്ല. മറ്റൊരാൾക്കു സംഭവിച്ച ദുരവസ്ഥ എനിക്കു സംഭവിച്ചാൽ ഞാൻ എന്തെല്ലാം ചെയ്യുമോ, അതെല്ലാം അയാൾക്കും ചെയ്തു കൊടുക്കുന്നതാണ് അനുകമ്പ. മനുഷ്യന്റെ അടിസ്ഥാനാവശ്യങ്ങളായ ഭക്ഷണവും വസ്ത്രവും പാർപ്പിടവും ആരോഗ്യവും അറിവും ലഭ്യമാകുന്ന വ്യവസ്ഥിതിക്കായി യേശു നിലകൊണ്ടു. അവിടന്ന് എല്ലാ രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തിയും ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചും നഗരങ്ങളിലും ഗ്രാമങ്ങളിലും ചുറ്റി സഞ്ചരിച്ചു (മത്താ. 9:35).

**ജനങ്ങളുടെ പരിതാപാവസ്ഥ കാണുമ്പോൾ നേതാവിന് അനുകമ്പയാണു വേണ്ടത്.**

## ശുശ്രൂഷചെയ്യുന്ന നേതൃത്വം

യേശുവിന്റെ നേതൃത്വം ശുശ്രൂഷ ചെയ്യലാണ്; അധികാരം ശുശ്രൂഷയാണ്. ഇടതും വലതുമിരിക്കുന്ന സ്ഥാനമാനങ്ങളുടെ അധികാരത്തിനു വേണ്ടിയല്ല, മറിച്ച് ജീവൻ നല്കി ശുശ്രൂഷിക്കുകയെന്ന ആത്മബലിയാണ് ശരിയായ നേതൃത്വം എന്ന് യേശു പഠിപ്പിച്ചു. “ഞാൻ വന്നിരിക്കുന്നത് അവർക്കു ജീവനുണ്ടാകാനും അതു സമൃദ്ധമായി ഉണ്ടാകാനുമാണ്” (യോഹ. 10:10).

സ്നേഹിക്കാൻ പഠിപ്പിച്ച യേശു ശിഷ്യന്മാരുടെ സ്നേഹരാഹിത്യം കണ്ട് വിസ്മയിച്ചു. ഗുരുവും നാഥനുമായ അവിടന്ന് ശിഷ്യന്മാരുടെ പാദങ്ങൾ കഴുകി ശുശ്രൂഷയുടെ മാതൃക അവർക്കു നല്കി.

മറ്റുള്ളവരെ ശുശ്രൂഷിക്കുന്നതിൽ നാം അഭിമാനംകൊള്ളണം. നല്ല സമരിയാക്കാരനെപ്പോലെ, ദുർബലരായവർക്കുവേണ്ടി നാം പ്രവർത്തിക്കണം. സ്വന്തം കഴുതപ്പുറം, എണ്ണ, വീഞ്ഞ്, ദെനാറ തുടങ്ങി നമുക്കുള്ളതെല്ലാം ആവശ്യക്കാരനു നല്കി നാം ശുശ്രൂഷിക്കണം. ദുർബലർ ശക്തിപ്രാപിക്കുംവരെ അവരുടെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നതാവണം നമ്മുടെ ക്രിസ്തീയ നേതൃത്വം.

**യേശു കണ്ടുമുട്ടുകയും ശുശ്രൂഷിക്കുകയും ചെയ്ത എല്ലാ ദുർബലരെയും അവിടന്ന് സമൂഹത്തിന്റെ മുഖ്യധാരയിലേക്കു കൊണ്ടുവന്നു.**

## ജീവൻ ബലിനല്കുന്ന നേതൃത്വം

തന്റെ ജനത്തിനുവേണ്ടി ജീവൻ ബലികഴിച്ച നേതാവാണ് യേശു. സഹനത്തിലൂടെയും കുരിശുമരണത്തിലൂടെയും ഈ ലോകത്തിലുള്ള എല്ലാ മനുഷ്യർക്കുമായി യേശു മരിച്ചു. മരിക്കുംമുമ്പ് പെസഹാദിനത്തിൽ യേശു വിശുദ്ധകുർബാന സ്ഥാപിച്ചു. അപ്പത്തിന്റെയും വീഞ്ഞിന്റെയും രൂപത്തിൽ അവിടത്തെ സജീവസാന്നിധ്യം നാം അനുദിനം അറിയുകയും അനുഭവിക്കുകയും ചെയ്യുന്നു. മൂന്നാം ദിനം ഉയിർത്തെഴുന്നേറ്റ് പാപത്തെയും മരണത്തെയും അവിടന്ന് ജയിച്ചു. യേശു ഇന്നും നമ്മോടൊത്തു വസിക്കുന്നു.

ദൈവരാജ്യം, ദൈവം ഭരിക്കുന്ന അവസ്ഥയാണ്. എന്നാൽ മനുഷ്യരുടെ സഹകരണത്തോടെയാണ് ദൈവം തന്റെ ഭരണം നടത്തുക. ദൈവഭരണത്തിന് മനുഷ്യൻ സ്വയം വിട്ടുകൊടുക്കണം. ദൈവഹിതം അന്വേഷിക്കുകയും അതനുസരിച്ച് ജീവിക്കുകയും വേണം. സഹോദരരിൽദൈവത്തെ കാണണം, അവരെ സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും വേണം. യഥാർത്ഥമായ ആരാധനാനുഭവം ജീവിതമാകുന്ന ബലിവേദിയിലാണ്. തന്റെ ജനത്തിനുവേണ്ടി കുരിശിൽ ജീവൻ ഹോമിച്ചവനാണ് യേശു. മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ അവിടന്ന് ഇന്നും നമ്മോടൊത്തു വസിക്കുന്നു.

ഈ ലോകത്തിലെ ദൈവരാജ്യാനുഭവം ഒരു ആരംഭം മാത്രമാണ്. ഇത് ഭാവിയിൽ മാത്രമേ പൂർണമാകൂ.

**കണ്ടുപിടിച്ചെഴുതുക:**

യേശു അനുകമ്പ പ്രകടിപ്പിച്ച ചില സംഭവങ്ങൾ



## കുറിപ്പെഴുതുക:


ഒരു നല്ല നേതാവ് എപ്രകാരമായിരിക്കണം?



**നമുക്ക് ഉത്തരം കണ്ടെത്താം**

1. ദൈവത്തിന്റെ രാജസ്ഥാനം തള്ളിപ്പറഞ്ഞ ഇസ്രായേലിന് എന്തു സംഭവിച്ചു?
2. എന്താണ് നാഥാൻ ദാവീദിനോടു പറഞ്ഞത്?
3. യേശുവിന്റ നേതൃത്വം അനുകമ്പയുള്ളതാകുന്നതെങ്ങനെ?
4. ക്രിസ്തീയനേതൃത്വം ശുശ്രൂഷയാകുന്നതെങ്ങനെ?
5. യേശു കണ്ടുമുട്ടുകയും ശുശ്രൂഷിക്കുകയും ചെയ്തവരെ അവിടന്ന് എന്തു ചെയ്തു?

### നമുക്കു പാടാം



ക്രിസ്തു നമ്മുടെ നേതാവ്
സ്വർഗം നമ്മുടെ സാമ്രാജ്യം
സ്വർഗം നേടാൻ, ക്രിസ്തുവിലൊന്നായ്
അണിചേരുക നാം, സോദരരേ

സ്വന്തം ജീവൻ ബലിനല്കി
നാഥൻ നമ്മളെ രക്ഷിച്ചു
അപരനു നന്മകൾ കൈവരുവാൻ
ജീവൻ വരെ നാം വെടിയേണം

### നമുക്കു ദൈവവചനം ഓർമ്മിക്കാം

"ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ" (മർക്കോ. 8:34).





### നമുക്കു പ്രാർത്ഥിക്കാം

യേശുവേ, മറ്റുള്ളവരെ സ്നേഹത്താൽ ശുശ്രൂഷിക്കുന്നതിൽ സന്തോഷം കണ്ടെത്താൻ ഞങ്ങളെ സഹായിക്കണമേ.

### നമുക്കു മന:പാഠമാക്കാം

"ക്രിസ്തീയജീവിതം നമ്മിൽ ക്രിസ്തുവിന്റെ ജീവിതം തുടരുന്നതും പൂർത്തിയാക്കുന്നതുമത്രേ. നാമോരോരുത്തരും ഭൂമിയിൽ ഓരോ ക്രിസ്തുവായിരിക്കണം.യേശുവിനെപ്പോലെ അവിടത്തെ ജോലികൾ നാം ഭൂമിയിൽ നിർവഹിക്കുകയും സഹിച്ചു പൂർത്തിയാക്കുകയും വേണം" (വിശുദ്ധ ജോൺ യുഡ്സ്).

പാഠം പന്ത്രണ്ട്

# അപ്പസ്തോലന്മാർ



യേശു ഗലീലിക്കടൽത്തീരത്തുകൂടെ കടന്നുപോകുമ്പോൾ ശിമയോനെയും അവന്റെ സഹോദരൻ അന്ത്രയോസിനെയും കണ്ടു. അവർ കടലിൽ മീൻപിടിച്ചുകൊണ്ടിരിക്കുകയായിരുന്നു. യേശു അവരോടു പറഞ്ഞു: "എന്നെ അനുഗമിക്കുവിൻ, ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും" (മർക്കോ. 1:17). ഉടനേ വല ഉപേക്ഷിച്ച് അവർ യേശുവിനെ അനുഗമിച്ചു.

കുറച്ചുദൂരംകൂടി മുന്നോട്ടുപോയപ്പോൾ സെബദിയുടെ പുത്രനായ യാക്കോബിനെയും അവന്റെ സഹോദരൻ യോഹന്നാനെയും യേശുകണ്ടു. അവർ വഞ്ചിയിലിരുന്നു വല നന്നാക്കുകയായിരുന്നു. യേശു അവരെയും വിളിച്ചു. പിതാവായ സെബദിയെ സേവകരോടൊപ്പം വള്ളത്തിൽ ഉപേക്ഷിച്ച് അവരും യേശുവിനെ അനുഗമിച്ചു.

ഒരിക്കൽ യേശു യാത്രചെയ്ത് കടന്നുപോകുമ്പോൾ ചുങ്കസ്ഥലത്തിരിക്കുന്ന ലേവി എന്നൊരാളെ കണ്ടു. യേശു അവനോടു പറഞ്ഞു: "എന്നെ അനുഗമിക്കുക" (മർക്കോ. 2:14). അവൻ എഴുന്നേറ്റ് യേശുവിനെ അനുഗമിച്ചു.

യേശു മലമുകളിലേക്കു കയറി, അവിടത്തേക്ക് ഇഷ്ടമുള്ളവരെ അടുത്തേക്കു വിളിച്ചു. അവർ അവിടത്തെ അടുത്തുചെന്നു. യേശുവിന്റെകൂടെ ആയിരിക്കുന്നതിനും സുവിശേഷം പ്രസംഗിക്കാൻ അയയ്ക്കുന്നതിനും പിശാചുക്കളെ ബഹിഷ്കരിക്കാൻ അധികാരം നല്കുന്നതിനുമായി യേശു പന്ത്രണ്ടു പേരെ പ്രത്യേകം നിയോഗിച്ചു. യേശു അടുത്തേക്കുവിളിച്ച് തിരഞ്ഞെടുത്ത പന്ത്രണ്ടു പേരെ "അപ്പസ്തോലന്മാർ" എന്ന് അവിടന്നു പേരുവിളിച്ചു.

**"അപ്പസ്തോലൻ" എന്ന വാക്കിന്**
**"അയയ്ക്കപ്പെട്ടവൻ" എന്നാണർത്ഥം.**

**യേശു പേരുചൊല്ലി വിളിച്ച് നിയോഗിച്ച**
**അപ്പസ്തോലന്മാർ ഇവരാണ്:**

ശിമയോൻ പത്രോസ്

അന്ത്രയോസ്

യാക്കോബ്

യോഹന്നാൻ

പീലിപ്പോസ്

ബർത്തലോമിയ

തോമസ്

മത്തായി

ഹൽപൈയുടെ പുത്രൻ യാക്കോബ്

തദേവൂസ് (യൂദാ തദേവൂസ്)

കാനാൻകാരൻ ശിമയോൻ

യൂദാസ് സ്കറിയോത്ത

“ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശെടുത്ത് എന്നെ അനുഗമിക്കട്ടെ” (മർക്കോ 8:34).

സുവിശേഷപ്രഘോഷണത്തിനായി യേശു തന്റെ അപ്പസ്തോലന്മാരെ പരിശീലിപ്പിക്കുകയും അയയ്ക്കുകയും ചെയ്തു. ദൈവരാജ്യത്തെക്കുറിച്ചു പ്രസംഗിച്ചും രോഗികളെ സുഖപ്പെടുത്തിയും പിശാചുക്കളെ ബഹിഷ്കരിച്ചും അപ്പസ്തോലന്മാർ ചുറ്റി സഞ്ചരിച്ചു. പരിശുദ്ധാത്മാവിനെ സ്വീകരിച്ച ശിഷ്യന്മാർ വിവിധഭാഷകൾ സംസാരിക്കുകയും ധൈര്യസമേതം യേശുവിന് സാക്ഷ്യംനല്കുകയും ചെയ്തു.

പെന്തക്കോസ്താദിനത്തിൽ അപ്പസ്തോലനായ പത്രോസിന്റെ പ്രസംഗം ശ്രവിച്ച മൂവായിരത്തോളം ആളുകൾ മാനസാന്തരപ്പെട്ട് യേശുവിൽ വിശ്വസിച്ച് ജ്ഞാനസ്നാനം സ്വീകരിച്ചു. ഇപ്രകാരം ഒരു വിശ്വാസിസമൂഹം രൂപപ്പെടുകയും അന്ത്യോക്യയിൽ വച്ച് അവരെ “ക്രിസ്ത്യാനികൾ” എന്ന് ആദ്യമായി പേരുവിളിക്കുകയും ചെയ്തു.

പത്രോസായിരുന്നു അപ്പസ്തോലന്മാരുടെ തലവൻ. പത്രോസിന്റെ നേതൃത്വത്തിൽ അപ്പസ്തോലന്മാർ ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും പോയി സുവിശേഷം പ്രസംഗിച്ചു. അനേകരെ മാനസാന്തരപ്പെടുത്തി. ക്രിസ്തുവിന്റെ സഭ എല്ലായിടത്തും വ്യാപിച്ചു. യോഹന്നാനൊഴികെ മറ്റ് അപ്പസ്തോലന്മാരെല്ലാവരും വിശ്വാസത്തെപ്രതി രക്തസാക്ഷിത്വം വരിച്ചു.

**പന്ത്രണ്ട് അപ്പസ്തോലന്മാരിൽ ഒരാൾ യേശുവിനെ ശത്രുക്കൾക്ക് ഒറ്റിക്കൊടുത്തു. അത് യൂദാസ് സ്കറിയോത്തയാണ്. യൂദാസിനു പകരം അപ്പസ്തോലന്മാർ മത്തിയാസിനെ അവരുടെ ഗണത്തിൽ ചേർത്തു. വിജാതീയരുടെ അപ്പസ്തോലനായി പൗലോസ് നിയുക്തനായി.**

**അപ്പസ്തോലന്മാരാകുന്ന അടിസ്ഥാനത്തിന്മേൽ സ്ഥാപിതമാണ് ക്രിസ്തുവിന്റെ സഭ. സഭയുടെ തലവൻ യേശുക്രിസ്തുവാണ്.**

**ക്രിസ്തുവിന്റെ തുടർച്ചയായ സഭയെ നയിക്കുന്നത് പരിശുദ്ധാത്മാവാണ്. പത്രോസിന്റെ പിൻഗാമിയായ മാർപാപ്പായെ കാലാകാലങ്ങളിൽ തിരഞ്ഞെടുത്തുവരുന്നു.**

ജ്ഞാനസ്നാനസ്വീകരണത്തിലൂടെ നാമോരുത്തരും അപ്പസ്തോലന്മാരുടെ ദൗത്യത്തിൽ പങ്കുകാരാണ്.

* യേശുവിനെക്കുറിച്ച് നമുക്ക് സഹപാഠികളോടും സുഹൃത്തുക്കളോടും പറയാം.
* പ്രാർത്ഥനയിലൂടെ യേശുവിനോടു ചേർന്നിരിക്കാം.
* രോഗികളെ സന്ദർശിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യാം.
* ദരിദ്രരോടും വേദനയനുഭവിക്കുന്നവരോടും അനുകമ്പയുള്ളവരാകാം.

സഭയിൽ 265-ാമത്തെ മാർപാപ്പായാണ് ബെനഡിക്ട് പതിനാറാമൻ. സഭാധികാരികളെ നമുക്ക് ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്യാം. അവർക്കുവേണ്ടി എപ്പോഴും പ്രാർത്ഥിക്കാം.

**അഭിനയിക്കുക:**


പത്രോസ് മുടന്തനെ സുഖപ്പെടുത്തുന്നു (നട. 3:10).

പൗലോസിന്റെ മാനസാന്തരം (നട. 9:1-19).

**നമുക്ക് ഉത്തരം കണ്ടെത്താം**

1. ആരാണ് അപ്പസ്തോലന്മാർ?
2. പന്ത്രണ്ട് അപ്പസ്തോലന്മാർ ആരെല്ലാം?
3. എവിടെ വച്ചാണ് വിശ്വാസികളെ "ക്രിസ്ത്യാനികൾ" എന്നു പേരുവിളിച്ചത്?
4. യൂദാസിനു പകരം അപ്പസ്തോലഗണത്തിൽ ചേർക്കപ്പെട്ടതാർ?
5. ആരാണ് വിജാതീയരുടെ അപ്പസ്തോലൻ?

### നമുക്കു പാടാം



യേശു വിളിച്ചവർ ശിഷ്യന്മാർ
അവരാണപ്പസ്തോലന്മാർ
പന്ത്രണ്ടാളുകളുണ്ടവരിൽ
പത്രോസല്ലോ നേതാവ്

സുവിശേഷം ഘോഷിപ്പാനായ്
ലോകം മുഴുവൻ പോയവരേ
നിങ്ങൾ സഭയുടെ സ്തംഭങ്ങൾ
നിങ്ങളെ ഞങ്ങൾ വണങ്ങുന്നു.

### നമുക്കു ദൈവവചനം ഓർമ്മിക്കാം

"പരിശുദ്ധനായ പിതാവേ, നമ്മെപ്പോലെ അവരും ഒന്നായിരിക്കേണ്ടതിന് അവിടന്ന് എനിക്കു നല്കിയ അവരെ അവിടത്തെ നാമത്തിൽ അങ്ങ് കാത്തുകൊള്ളണമേ" (യോഹ. 17:11).





### നമുക്കു പ്രാർത്ഥിക്കാം

യേശുവേ, അപ്പസ്തോലന്മാരെപ്പോലെ ധൈര്യസമേതം അങ്ങയെ പ്രഘോഷിക്കാൻ ഞങ്ങളെ പഠിപ്പിക്കണമേ.

### നമുക്കു മന:പാഠമാക്കാം

"നാം മുള്ളുകളുടെ ഇടയിലുള്ള ലില്ലികളായിരിക്കണം. മുള്ളുകൾ എത്ര കുത്തിത്തുളച്ചാലും ലില്ലികളുടെ പ്രശാന്തമധുരമായ സൗരഭ്യം നഷ്ടപ്പെടുന്നില്ല" (വിശുദ്ധ ബെർണാർഡ്).

## ബൈബിളിന്റെ ഉള്ളടക്കം

**(വഞ്ചിപ്പാട്ട്)**

വേദമുൾക്കൊള്ളുന്ന ഗ്രന്ഥം ബൈബിളെന്ന തിരുഗ്രന്ഥം

അതിൽ രണ്ടു വിഭാഗങ്ങൾ നമുക്കു കാണാം

പഴയതും പുതിയതും എന്നു രണ്ടായ് നിയമങ്ങൾ

പുതിയത് പഴയതിൻ പൂർത്തീകരണം

ഏഴു പത്തും മൂന്നും കൂട്ടി പുസ്തകങ്ങളവയെല്ലാം

വേദസാരം ക്രിസ്തുവിനെ ഉൾക്കൊണ്ടീടുന്നു.

ഗ്രന്ഥങ്ങളിലുൾതിങ്ങുന്ന ദൈവവാക്ക് മാനവന്റെ

വാക്കുകളിൽ വിശ്വാസത്തിൻ മോചനസത്യം.

**(മഞ്ജരി)**

ഉത്പത്തി പിന്നെ പുറപ്പാടു ലേവ്യരും

സംഖ്യയാവർത്തനം പഞ്ചഗ്രന്ഥി

ജോഷ്വായും ന്യായാധിപന്മാരും രൂത്തുമേ

സാമുവേൽ രാജാക്കൾ ഈരണ്ടായും

അവ്വണ്ണം രണ്ടെണ്ണം ദിനവൃത്താന്തങ്ങളും

അവ കാട്ടും വിശ്വസ്തൻ കർത്താവിനെ

എസ്രാ നെഹെമിയ തോബിത് യൂദിത്തും

എസ്തേറും മക്കബായക്കാർ രണ്ടും

ജോബ് സങ്കീർത്തനം പിന്നെ സുഭാഷിതം

സൽസഭാപ്രാസംഗികനുമായി

ഉത്തമഗീതങ്ങൾ ജ്ഞാനം പ്രഭാഷകൻ

തൊട്ടുപിന്നാലേ പ്രവാചകൻമാർ

ഏശയ്യ ജേരമ്യാ കൂടെ വിലാപങ്ങൾ

ബാറുക്കെസക്കിയേൽ ദാനിയേലും

ഹോസിയ ജോയേല്, ആമോസൊബേദിയാ

യോനാമീഖാനാഹും ഹബക്കൂക്കും

നിബിയ സെഫെനിയാ ഹഗ്ഗായി സഖർയാ

മാലാഖിയിങ്ങനെ നാൽപത്താറ്

(വഞ്ചിപ്പാട്ട്)

പുതിയനിയമം തന്നിൽ ഇരുപത്തിയേഴു ഗ്രന്ഥം

ആദ്യം നാലു സുവിശേഷവിവരണങ്ങൾ

മത്തായിക്കുശേഷം മർക്കോസ്, പിന്നെ ലൂക്കോസ് യോഹന്നാനും

ക്രിസ്തുവിന്റെ ചരിത്രത്തിൻ ചിത്രീകരണം

അപ്പസ്തോലപ്രവൃത്തികൾ തുടർന്നു നമുക്കു കാണാം

പൗലോസിന്റെ പതിമൂന്നു ലേഖനങ്ങളും

ഇവയിൽ സഭകൾക്കുള്ള കത്തുകളൊരൊമ്പതെണ്ണം

സഭയിലെ ശ്രേഷ്ഠന്മാർക്കോ നാലു കത്തുകൾ

റോമിലെ സഭയ്ക്കൊരെണ്ണം, കോരിന്ത്യോസഭയ്ക്കു രണ്ട്

ഗലാത്തിയ എഫേസൂസ് ഫിലിപ്പിയും താൻ

അതുപോലെ കൊലോസിയ സഭയ്ക്കുമൊരെണ്ണം മാത്രം

തെസലോനിക്കാ സഭയ്ക്കായ് രണ്ടു കത്തുകൾ

സഭാശ്രേഷ്ഠർക്കുള്ള കത്ത് നാലെണ്ണം അതിപ്രകാരം

തീമൊത്തിക്കു രണ്ടു കത്തും തീത്തോസിനൊന്നും

ഫിലേമോനും ഒരു കത്ത് , ഹെബ്റായർക്കുള്ള കത്തും

പൗലോസിന്റെ പേരിലല്ലോ അറിയുന്നിതാ

കാതോലികലേഖനങ്ങൾ ഏഴാണവ, സഭാശ്രേഷ്ഠർ

സഭകൾക്കയച്ചോരേഴു കത്തുകളല്ലോ.

യാക്കോബിന്റെ കത്തൊരെണ്ണം പത്രോസിന്റെ കത്ത് രണ്ട്

യോഹന്നാനോ മൂന്നെഴുതി യൂദായുമൊന്ന്

അവസാനപുസ്തകമായ് വെളിപാടുമുദ്രകാണാം

"ഞാൻ വരുന്നു വേഗ" മെന്ന മുദ്രയും കാണാം.

**(മഞ്ജരി)**

മാനവരക്ഷയ്ക്കായ് സ്രഷ്ടാവ് നല്കിയ

ദൈവികസന്ദേശം അന്യൂനംതാൻ

ദൈവത്മനിശ്വാസം ബൈബിളിൽ കേട്ടീടാം

ദൈവത്തെക്കാണാം കാരുണ്യവാനായ്

സ്രഷ്ടാവിൻ കല്പന ലംഘിച്ചു സ്രഷ്ടാവായ്

ഭാവിക്കും മർത്യനെ തേടിച്ചെല്ലും

രക്ഷകനായൊരു ദൈവത്തിൻ നിസ്തുല

കാരുണ്യം കാട്ടുന്ന വേദഗ്രന്ഥം

ജ്ഞാനമുതിർക്കുന്ന വാക്കു ചൊരിയുന്ന

ആശ്വാസമാർജിക്കാൻ വേദം നോക്കാം

പാരായണം ചെയ്യാമെന്നെന്നും ധ്യാനിക്കാം

നീയരുൾചെയ്താലുമെൻ കർത്താവേ.

# വിശുദ്ധ ഫ്രാൻസീസ് അസ്സീസി



അസ്സീസിയിലെ ഒരു വസ്ത്രവ്യാപാരിയുടെ മകനായിരുന്നു ഫ്രാൻസിസ്. ചെറുപ്പം മുതൽ തന്നെ കൂട്ടുകാരോടൊപ്പം ജീവിതം ആസ്വദിച്ചും പിതാവിന്റെ ജോലിയിൽ സഹായിച്ചും പോന്നു. ഉന്നതപദവികൾ ആഗ്രഹിച്ച ഫ്രാൻസീസ് സൈന്യത്തിൽ ചേർന്നു. ഒരിക്കൽ ഫ്രാൻസിസിന് ഒരു ദർശനമുണ്ടായി. അസ്സീസിയിലേക്ക് മടങ്ങാനും അവിടെ കാത്തിരിക്കുന്ന ദൈവഹിതമറിയാനും ദർശനത്തിൽ നിർദ്ദേശം ലഭിച്ചു. ലൗകികസന്തോഷങ്ങളിൽ അവന് വിരസത തോന്നിത്തുടങ്ങി.

അസ്സീസിയിൽ തിരിച്ചെത്തിയ ഫ്രാൻസീസ് ഒരു ദിവ്യസ്വരം കേട്ടു: "പരിപൂർണനാകാൻ നീ ആഗ്രഹിക്കുന്നുവെങ്കിൽ, പോയി നിക്കുള്ളതെല്ലാംവിറ്റ് ദരിദ്രർക്കു കൊടുക്കുക." ഒരു ദിവസം ഫ്രാൻസിസ് അടുത്തുള്ള വിശുദ്ധ ഡാമിയന്റെ ദൈവാലയത്തിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ വേറൊരു അശരീരി കേട്ടു: "ഫ്രാൻസിസ്, നീ പോയി എന്റെ പള്ളിയെ ജീർണോദ്ധാരണം ചെയ്യുക. അതു പൊളിഞ്ഞുപോകാറായിരിക്കുന്നത് നീ കാണുന്നില്ലേ?" ഫ്രാൻസിസ് ഉടൻതന്നെ തന്റെ കുതിരയെ വിറ്റും പിതാവിന്റെ കുറെ തുണിത്തരങ്ങൾ വിറ്റും ഉണ്ടാക്കിയ പണം മുഴുവൻ വിശുദ്ധ ഡാമിയന്റെ ദൈവാലയത്തിലെ വൈദികനെ ഏല്പ്പിച്ചു. എന്നാൽ വിവേകിയായ ആ വൈദികൻ ആ തുക മുഴുവൻ നിരസിച്ചു. ഫ്രാൻസിസ് ആ വൈദികനോടുകൂടെ പാർത്തു. വിദേശയാത്രയിലായിരുന്ന പിതാവ് തിരിച്ചെത്തിയപ്പോൾ

ഫ്രാൻസിസിനെ വീട്ടിലേക്ക് തിരിച്ചുകൊണ്ടുവരാൻ ആളുകളോടുകൂടെ പുറപ്പെട്ടെങ്കിലും ഫ്രാൻസിസ് ഓടി ഒരു ഗുഹയിൽപോയി ഒളിച്ചിരുന്നു. കുറെനാൾ കഴിഞ്ഞ് ഒരു ഭിക്ഷുവിന്റെ വേഷം ധരിച്ച് ഫ്രാൻസിസ് ജന്മനാട്ടിൽ തിരിച്ചെത്തി. പട്ടണവാസികൾ ഫ്രാൻസിസിനെ ഭ്രാന്ത നായി കരുതി. പിതാവ് കോപാക്രാന്തനായി ഫ്രാൻസിസിനെ ചങ്ങലയിൽ ബന്ധിച്ച് ഇരുട്ടു ഗുഹയിലടച്ചു. പിതാവ് അദ്ദേഹത്തെ ബഹിഷ്കരിച്ചു. കുടുംബസ്വത്തിൽ ഫ്രാൻസിസിന് അധികാരമില്ലെന്നു കാണിച്ചും തന്റെ നഷ്ടപ്പെട്ട പണം തിരികെ ലഭിക്കണമെന്ന് ആവശ്യ പ്പെട്ടും അയാൾ ഫ്രാൻസിസിനെതിരേ സ്ഥലത്തെ മെത്രാന്റെ പക്കൽ കേസുകൊടുത്തു. മെത്രാന്റെ അടുത്ത് ഹാജരായ ഫ്രാൻസിസ് തന്റെ അവകാശങ്ങൾ മാത്രമല്ല, ഉടുത്തിരുന്ന വസ്ത്രംപോലും അഴിച്ച് പിതാവിനും നല്കി.

വനാന്തരങ്ങളിലൂടെ ഏകാന്തത തേടി അവൻ യാത്രയായി. മാർഗമദ്ധ്യേ കുഷ്ഠരോഗി കളെ ശുശ്രൂഷിക്കുന്നതിൽ ഫ്രാൻസിസ് ഏർപ്പെട്ടു. മുമ്പ് കുഷ്ഠരോഗികളെ അവന് ഭയവും വെറുപ്പുമായിരുന്നു. ഒരിക്കൽ കുതിരപ്പുറത്ത് യാത്ര ചെയ്ത ഫ്രാൻസിസ് വഴിമദ്ധ്യേ ഒരു കുഷ്ഠരോഗിയെക്കണ്ട് കുതിരയുടെ വേഗംകൂട്ടി. എന്നാൽ മനസ്സുമാറി തിരികെവന്ന് ആ കുഷ്ഠ രോഗിക്ക് ഒരു നാണയം കൊടുത്തു. ദുർഗന്ധം വമിക്കുന്ന ആ മനുഷ്യനെ ഫ്രാൻസിസ് കെട്ടിപ്പുണർന്ന് ചുംബിച്ചു. എന്നിട്ട് വിജയശ്രീലാളിതനായ യോദ്ധാവിനെപ്പോലെ യാത്ര തുടർന്നു. ഫ്രാൻസിസിന്റെ ജീവിതത്തിൽ ആകൃഷ്ടരായി ധാരാളം പേർ വന്നു. 1210-ൽ ഫ്രാൻസിസ് റോമിലേക്കു പോയി തന്റെ സംഘത്തിന് അംഗീകാരത്തിനായി അപേക്ഷിച്ചു. ആദ്യം എതിർത്തെങ്കിലും പിന്നീട് ഇന്നസെന്റ് മൂന്നാമൻ പാപ്പാ ഫ്രാൻസിസ്കൻ സഭയെ അംഗീകരിച്ചു.

ഫ്രാൻസിസിന്റെ ജീവിതത്തിൽ താത്പര്യം തോന്നി ധാരാളം സ്ത്രീകളും വന്നു. അവ രിൽ പ്രമുഖയായിരുന്നു ക്ലാര. സ്ത്രീകൾക്കുവേണ്ടി ഫ്രാൻസിസ് ദരിദ്രക്ലാരന്മാർ (Poor Clares) എന്ന പേരിൽ ഒരു രണ്ടാംസഭ സ്ഥാപിച്ചു.

കുടുംബജീവിതം നയിച്ചിരുന്നവരും ലൗകികകാര്യങ്ങളിൽ ഏർപ്പെട്ടിരുന്നവരുമായ കുറെ ആളുകൾ ഫ്രാൻസിസിനാൽ ആകൃഷ്ടരായി. അവർക്കായി ഫ്രാൻസിസ് 1221-ൽ മൂന്നാംസ ഭയും സ്ഥാപിച്ചു.

1224 ആഗസ്റ്റ് മാസം ഫ്രാൻസിസ് മിശിഹായുടെ പീഡാനുഭവങ്ങളെക്കുറിച്ച് പ്രാർത്ഥിച്ചി രിക്കവേ കർത്താവിന്റെ അഞ്ചു തിരുമുറിവുകൾ ഫ്രാൻസിസിന്റെ മേൽ പതിഞ്ഞു. ഈ മുറി വുകൾ ഫ്രാൻസിസിന് ആനന്ദം നല്കിയെങ്കിലും അവർണനീയമായ വേദനയും നല്കിയി രുന്നു.

പക്ഷിമൃഗാദികൾപോലും ഫ്രാൻസിസിനെ ചുറ്റിപ്പറ്റി നിന്നു. ഗുബിയോക്കാരെ ശല്യപ്പെ ടുത്തിയിരുന്ന ഒരു ചെന്നായ് ഫ്രാൻസിസിനെ അനുസരിക്കുകയും അദ്ദേഹത്തെ അനുഗമി ക്കുകയും ചെയ്തിട്ടുണ്ട്.

1226-ൽ രോഗത്താൽ വലഞ്ഞ ഫ്രാൻസിസ് ശയ്യാവലംബിയായി. ശിഷ്യരെയെല്ലാം അടുത്തു വിളിച്ച് അനുഗ്രഹിച്ചു. യേശുവിന്റെ പീഡാസഹനത്തെക്കുറിച്ച് വായിച്ചുകേട്ട് അദ്ദേഹം ഈ ലോകവാസം വെടിഞ്ഞു. 1228 ജൂലൈ 16-ന് ഗ്രിഗറി ഒമ്പതാമൻ പാപ്പാ അദ്ദേ ഹത്തെ വിശുദ്ധരുടെ പട്ടികയിൽ ചേർത്തു. ഒക്ടോബർ നാലിനാണ് വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ തിരുനാൾ.

**"ദൈവമേ, അങ്ങയുടെ സമാധാനത്തിന്റെ ഉപകരണമായി എന്നെ മാറ്റണമേ."**

***വിശുദ്ധ ഫ്രാൻസിസ് അസ്സീസി***